Anu's Copy

## ഒന്ന്

പ്രിയപ്പെട്ട സാറാമ്മേ,

ജീവിതം യൗവനതീക്ഷ്ണവും, ഹൃദയം പ്രേമസുരഭിലവുമായിരിക്കുന്ന, ഈ അസുലഭകാലഘട്ടത്തെ എൻെറ പ്രിയ സുഹൃത്ത് എങ്ങനെ വിനിയോഗിക്കുന്നു?

ഞാനാണെങ്കിൽ —എൻെറ ജീവിതത്തിലെ നിമിഷങ്ങൾ ഓരോന്നും സാറാമ്മയോടുള്ള പ്രേമത്തിൽ കഴിക്കുകയാണ്. സാറാമ്മയോ?

ഗാഢമായി ചിന്തിച്ചു മധുരോദാരമായ ഒരു മറുപടിയാൽ എന്നെ അനുഗ്രഹിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

സാറാമ്മയുടെ
കേശവൻനായർ...

എന്ന് ഒറ്റ മൂച്ചിന് എഴുതീട്ട് കേശവൻനായർ പെട്ടെന്നു തിരിഞ്ഞുനോക്കിപ്പോയി. മധുരമന്ദഹാസത്തോടെ സാറാമ്മ അയാളുടെ പിറകിൽ നിൽക്കുന്നതായ ഒരനുഭൂതി. ചുമ്മാ ഒരു തോന്നലാണ്. അയാൾ എഴുത്തു വായിച്ചു. കവിതയുണ്ട്, തത്ത്വജ്ഞാനമുണ്ട്. മിസ്ററിസിസവുമുണ്ട്. എന്തിന് —കേശവൻനായരുടെ ഹൃദയത്തിൻെറ മഹാരഹസ്യം മുഴുവനുമില്ലേ? എഴുത്ത് ഉദ്ദേശിച്ചതിലും നന്നായിരിക്കുന്നു. അയാൾ അതു നാലായി മടക്കി പോക്കററിൽ ഇട്ടു. ബാങ്കിൽനിന്ന് ഇറങ്ങി തെരുവീഥിയിലൂടെ നടന്നു. അപ്പോൾ ഒരു ആലോചന: എഴുത്തു കൊടുത്താൽ സാറാമ്മ വായിച്ചു കളിയാക്കുമോ? അതോ, മറുപടി കൊടുക്കുമോ?...എങ്കിൽ അവളുടെ മറുപടി എന്തായിരിക്കും? സാറാമ്മയുടെ സ്വഭാവത്തിന്, കളിയാക്കലാണ് മുന്നിട്ടു നിൽക്കുക!...മുമ്പു നടന്ന ഒരു സംഭവം അയാൾ ഓർത്തു: സാറാമ്മയുമായി രസംപിടിച്ചു വർത്തമാനം പറയുകയായിരുന്നു. തമാശകൾ സ്ത്രീകളെപ്പററിയായി. സ്ത്രീകൾ ദൈവത്തിൻെറ ഉൽക്കൃഷ്ടസൃഷ്ടിയാണെന്ന് ഏതോ ഒരു മഹാകവി പാടിയിട്ടുള്ളതായി സാറാമ്മ പറഞ്ഞു. കേശവൻനായർക്കു ചിരിവന്നു. 'സ്ത്രീകളുടെ തലയ്ക്കുള്ളിൽ നിലാവെളിച്ചമാണ്,' അയാൾ പറഞ്ഞു. ഉദാഹരണമായി ഏഴു വിവാഹംചെയ്ത ഒരു മാന്യൻെറ അനുഭവകഥ കേശവൻനായർ പറയുകയും ചെയ്തു. ആ മാന്യൻെറ ഏഴാമത്തെ ജീവിതകാലസഖി, കോണിപ്പടിയിൽനിന്ന് എന്തോ ആവശ്യം പ്രമാണിച്ചു തലയും കുത്തി കരിങ്കൽത്തിണ്ണയിൽ വീണു. അവരെ ആശുപത്രിയിൽ കൊണ്ടുചെന്നാക്കീട്ടു മടങ്ങിവന്ന ഭർത്താവ് ബ്രഹ്മചാരിയായ കൂട്ടുകാരനോടു വിശേഷം പറയുകയായിരുന്നു:

'അപകടം അത്ര ഭയങ്കരമല്ല!'

'തല പൊട്ടിത്തുറന്നു എന്നല്ലേ പറയുന്നത്?'

'അതു ശരിയാണ്...'

'തലച്ചോറു കാണാമോ?'

'ഹേയി!' — ഏഴു സ്ത്രീകളെ അടുത്തറിഞ്ഞ ആ മാന്യൻ നിത്യബ്രഹ്മചാരിയോടു പറയുകയാണ്: 'തല പൊട്ടിത്തുറന്നാൽത്തന്നെ തലച്ചോർ എവിടെക്കാണാനാ? — സ്ത്രീയല്ലേ?'

'അതിൽനിന്നു ഞാൻ ഊഹിക്കുന്നത്,' കേശവൻനായർ സാറാമ്മയോടു പറഞ്ഞു, 'സ്ത്രീകളുടെ തലയ്ക്കകത്തു നിലാവെളിച്ചമാണെന്നാണ്!'

അതു കേട്ട് സാറാമ്മ അന്ന് ഊറി ഒന്നു ചിരിക്കമാത്രമേ ചെയ്തുള്ളു. അതിനുശേഷം അതേപ്പററി ഒന്നും സാറാമ്മ പറഞ്ഞിട്ടില്ല. എങ്കിലും സാറാമ്മയുടെ തലയ്ക്കകത്തും നിലാവെളിച്ചം മാത്രമാണല്ലോ ഉള്ളത് എന്ന സൂചന അവളെ സ്പർശിച്ചുകാണുകില്ലേ? പ്രേമലേഖനം കൊടുത്താൽ സാറാമ്മ വായിച്ചു നിലാവെളിച്ചത്തെപ്പററി പറഞ്ഞു പരിഹസിക്കുമോ? പെണ്ണല്ലേ? അതൊക്കെ മറന്നുകാണും. കേശവൻനായർ അങ്ങനെ ആലോചിച്ചുകൊണ്ട് ഹോട്ടലിൽക്കയറി. കാപ്പി കുടിക്കാൻ മനസ്സു തോന്നുന്നില്ല. എങ്കിലും അയാൾ ഒരു കപ്പ് കാപ്പിയും കുടിച്ച്, ഒരു സിഗരററും പുകച്ച്, ഹോട്ടലിൽ വളരെ സമയം ഇരുന്ന് ആലോചിച്ചു: പ്രേമലേഖനം കൊടുത്താൽ സാറാമ്മ മധുരോദാരമായ മറുപടി കൊടുക്കുമോ, അതോ പരിഹസിക്കുമോ? പ്രേമമെന്നു പറയുന്നത്, സാറാമ്മയെ തീണ്ടിയിട്ടില്ല! ലക്ഷം തവണ കേശവൻനായർ ശ്രമിച്ചിട്ടുണ്ട്. പക്ഷേ, പ്രേമത്തിൻെറ സെൻറുകുപ്പി പതുക്കെ തുറക്കാൻ ഭാവിക്കുമ്പോൾ, അവൾ മൂക്കു പൊത്തും! എന്താണ് ഒരു ദുർവാട? ഈയിടെ നിങ്ങൾ കുളിക്കാറില്ലേ? എന്ന ഭാവത്തിലായിരിക്കും അവളുടെ നോട്ടം! അവളെക്കൊണ്ടു സ്നേഹിപ്പിക്കുവാൻ എന്തു വഴി?

പ്രേമപരവശനായി അയാൾ താമസസ്ഥലത്തേക്കു ചെന്ന് മുകൾത്തട്ടിലുള്ള അയാളുടെ മുറിയിലേക്കു നോക്കിയപ്പോൾ —കേശവൻനായർ അമ്പരന്നു വഴിയിൽ നിന്നുപോയി!...സാറാമ്മ!

അവൾ കേശവൻനായരുടെ മുറിയിലെ ജനലിലൂടെ വളരെ നീണ്ട ഒരു കമ്പ് ഇട്ട് മുറിയിൽനിന്ന് എന്തോ തോണ്ടിയെടുക്കുന്നതിനുള്ള ശ്രമത്തിൽ മുഴുകി നിൽക്കുന്നു!

കേശവൻനായർ മുകളിലേക്കു കയറിച്ചെല്ലാതെ അത്ഭുതപ്പെട്ടു താഴത്തുതന്നെ നിന്നു. സാറാമ്മ എന്താണ് മോഷ്ടിക്കുവാൻ തുടങ്ങുന്നത്?... പഴ്സാണെങ്കിൽ കേശവൻനായരുടെ പോക്കററിൽത്തന്നെയുണ്ട്... വല്ല ഷർട്ടോ മുണ്ടോ ആയിരിക്കുമോ?...അതോ, വല്ല പുസ്തകവുമാണോ?... അങ്ങനെയെങ്കിൽ അവൾ വായിക്കാത്തതായി അവിടെ എന്തുണ്ട്? 'ഇതു വേണ്ടായിരുന്നല്ലോ സാറാമ്മേ! ഞാൻ സാറാമ്മയെ എൻെറ ജീവനേക്കാൾ

സ്നേഹിക്കുന്നുണ്ടല്ലോ. എന്നോടു ചോദിച്ചിരുന്നെങ്കിൽ —എന്തും, എന്തും ഞാൻ തരുമായിരുന്നില്ലേ?' — തൊണ്ടിസാധനവുമായി അവൾ ഇറങ്ങി വരുമ്പോൾ ശോകഭാവത്തിൽ പറഞ്ഞിട്ട് എഴുത്തെടുത്ത്, 'ദാ നോക്കണം, ഞാൻ സാറാമ്മയ്ക്ക് എഴുതിയ പ്രേമലേഖനമാണ്,' എന്നു പറഞ്ഞുകൊണ്ട് അതു കൊടുക്കും. അവൾ വായിച്ചിട്ട്, പ്രേമത്തെ അങ്ങനെ കൊലപ്പെടുത്തിയല്ലോ എന്നു വിചാരിച്ചു കരയും. അപ്പോൾ കേശവൻനായർ ആശ്വസിപ്പിക്കും:

'ഓ സാരമില്ല സാറാമ്മേ, ഒക്കെയും ഞാൻ ക്ഷമിച്ചിരിക്കുന്നു!'

അങ്ങനെ ഹൃദയം ഹൃദയത്തോടു യോജിക്കും...എന്നൊക്കെ വിഭാവന ചെയ്തുകൊണ്ടു നിൽക്കുമ്പോൾ,

'ഓ, ഞാൻ കണ്ടേ, താഴത്തു വന്നു പമ്മി നിൽക്കുന്നത്! ബാങ്കിൽ ക്ലാർക്കന്മാർക്കു സന്ധ്യവരെ ഇന്നു ജോലിയുണ്ടായിരുന്നിരിക്കണം!' മുകളിൽ നിന്ന് സാറാമ്മയുടെ വക.

'ഓ!' കേശവൻനായരുടെ ആത്മാവ് ഞരങ്ങി. അയാൾ കോണിപ്പടിവഴി മുകളിലേക്കു കയറിച്ചെന്നു.

സാറാമ്മ വിയർത്തു, മന്ദഹാസത്തോടെ പറഞ്ഞു:

'ഒരു മണിക്കൂറായി ഞാൻ ഈ പാഴ്‌വേല തുടങ്ങീട്ട്! എന്തു ചെയ്തിട്ടും അത് ഈ കമ്പിന്റെ അററത്ത് ഉടക്കുന്നില്ല! ഏതായാലും നാളെ ഞാൻ ഒരു കള്ളത്താക്കോൽ ഉണ്ടാക്കിക്കാൻ നിശ്ചയിച്ചുകഴിഞ്ഞു!'

'ഞാൻ ഇല്ലാത്തപ്പോൾ എന്റെ മുറി തുറക്കാനാണോ!'

അവൾ ജനബഹുലമായ റോഡിലേക്കു നോക്കി മന്ദസ്മിതം തൂകി!

കേശവൻനായർ ചോദിച്ചു:

'അതിരിക്കട്ടെ. ഈ കമ്പിൽ എന്താണ് ഉടക്കുന്നില്ലെന്നു പറഞ്ഞത്?'

'ഓ, അതു ഞാൻ പറഞ്ഞില്ലല്ലേ?' സാറാമ്മ ചോദിച്ചു: 'താഴത്തു വന്നു പമ്മിനിന്ന് എന്തൊക്കെയാണ് വിചാരിച്ചത്?'

'ഞാൻ വിചാരിച്ചു...'കേശവൻനായർ എന്തു പറയാനാണ്? 'ഞാൻ വിചാരിച്ചു, സാറാമ്മ എന്തോ എടുക്കുകയായിരിക്കും! എന്താണ് കമ്പു കൊണ്ടു തോണ്ടി എടുക്കാൻ ഭാവിച്ചത്?'

'ശ്രീമാൻ കേശവൻനായർക്കു വന്ന മാസിക! പോസ്ററുശിപായി അതു ജനലിൽക്കൂടെ ഇടുന്നത് ഞാൻ നേരത്തെ കണ്ടു. ജോലി ഒന്നുമില്ലാതെ വെറുതെ ഇരുന്നിരുന്ന് ഞാൻ മുഷിഞ്ഞു!'

'എന്നാൽ, എന്നെ പതുക്കെയങ്ങു സ്നേഹിച്ചുകൂടേ?' എന്നു വിചാരിച്ചുകൊണ്ട് കോട്ടിന്റെ പോക്കററിൽനിന്നു താക്കോൽക്കൂട്ടങ്ങൾ എടുത്തിട്ട് പ്രേമലേഖനമെടുത്ത് ഹൃദയത്തുടിപ്പോടെ സാറാമ്മയ്ക്കു കൊടുത്തു. കൊടുക്കുമ്പോൾ കേശവൻനായരുടെ കൈ ലേശം വിറയ്ക്കുകയും ചെയ്തു. സാറാമ്മ എന്തു പറയും? അവൾ പ്രേമലേഖനം വായിച്ചു ചുരുട്ടിക്കൂട്ടി താഴത്തേക്കെറിഞ്ഞു: 'വേറെ വിശേഷങ്ങൾ ഒന്നുമില്ലല്ലോ?'

കേശവൻനായർ വിയർത്തുപോയി. അയാൾ ഒന്നും പറഞ്ഞില്ല. എന്തു പറയാൻ? പെണ്ണിൻെറ ഹൃദയകാഠിന്യം. ദൈവം ഇതിനേക്കെ എന്തിനു സൃഷ്ടിച്ചു?...അയാൾ മുറി തുറന്ന്, മാസികയെടുത്ത് സാറാമ്മയുടെ കൈയിൽ കൊടുത്തിട്ട് കോട്ട് ഊരി ആണിയിൽ കൊണ്ടുചെന്നു തൂക്കി. സാറാമ്മ ചൂടുള്ളതും മാധുര്യമേറിയതുമായ എന്തോ ഒന്നു വിഴുങ്ങിയതുപോലെ ഭാവിച്ച് മാസികയുടെ റാപ്പർ പൊട്ടിച്ച് പേജുകൾ മറിച്ചു മറിച്ചു നോക്കിക്കൊണ്ടു നിന്നു.

വിളർച്ച കാണിക്കാതെ കേശവൻനായർ പ്രേമലേഖനത്തിൻെറ കാര്യം അവഗണിച്ച മാതിരി ഹൃദയം കഠിനമാക്കിക്കൊണ്ട് ഒന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ ചോദിച്ചു:

'പിന്നെ എന്തൊക്കെയാണ് സാറാമ്മേ, വിശേഷങ്ങൾ? ഇന്ന് ചിററമ്മയുമായി വഴക്കൊന്നും കൂടീല്ലേ?'

സാറാമ്മ, ചുരുട്ടിക്കൂട്ടിയെറിഞ്ഞ പ്രേമലേഖനക്കാര്യം മറന്നമട്ടിൽ പറഞ്ഞു:

'ഓ, ഇനി ഇപ്പോൾ അപ്പച്ചനും ചിററമ്മയുംകൂടി എന്നോടും വാടക ചോദിക്കുമെന്നാണു തോന്നുന്നത്!'

'അതുവരെ ആയോ?'

'കൊള്ളാം! ഞാൻ താമസിക്കുന്ന മുറികൂടി വാടകയ്ക്കു കൊടുത്തിട്ട്—'

'എന്നിട്ട് സാറാമ്മയെ എൻെറകൂടെ എൻെറ മുറിയിൽ?—'

'ഛേ, അതൊന്നുമല്ല! സാറാമ്മയെ അടുക്കളവശത്തെങ്ങാനും മാററി പ്രതിഷ്ഠിച്ചാൽ എന്താണെന്നുകൂടി ചിററമ്മയ്ക്ക് ഒരാലോചനയുണ്ട്.'

'അപ്പച്ചനോ?'

'ചിററമ്മ പറയുന്നതുപോലെ എന്നല്ലാതെ അപ്പച്ചനു സ്വന്തമായി അഭിപ്രായമെന്തുണ്ട്?'

'അപ്പച്ചൻ ചിററമ്മയെ വിവാഹംചെയ്യുന്നതിനു മുമ്പു സ്വഭാവം എങ്ങനെ ഇരുന്നു?'

'ചിററമ്മയുടേതോ?'

'അല്ല, അപ്പച്ചൻെറ?'

'അന്നൊക്കെ അപ്പച്ചൻ അപ്പച്ചനായിരുന്നു! എൻെറ വിചാരം, ആണുങ്ങളുടെ തലയ്ക്കകത്തു നിലാവെളിച്ചമല്ലാതെ വേറെ ഒന്നുമില്ലെന്നാണ്!'

കേശവൻനായർ ശകലം ഒന്നു ഞെട്ടി. അയാൾ ഒന്നും മിണ്ടിയില്ല. ഹമ്പ! അതു കൊള്ളാമല്ലോ.

കേശവൻനായർ നിലാവെളിച്ചക്കാര്യം കേട്ടിട്ടില്ലാത്ത മട്ടിൽ കുറെ കഴിഞ്ഞു ചോദിച്ചു:

'അപ്പോൾ ഈ കെട്ടിടത്തിന്മേൽ സാറാമ്മയ്ക്കും അവകാശമില്ലേ?'

'എനിക്കെന്തവകാശം?' അവൾ പറഞ്ഞു: 'ചിററമ്മ കൊണ്ടുവന്ന

Anu’s Copy

ഹാഫ് മീശയെങ്കിലും ഫിററു ചെയ്യണം! കണ്ണുകളിൽ മന്ദഹാസത്തോടെ കേശവൻനായർ പ്രഖ്യാപനം ചെയ്തു:

‘നാളെ തീർച്ച പറയാം!’

‘പറഞ്ഞാൽപ്പോര! കിട്ടുമോ?’

‘തീർച്ചയായും.’

‘എൻെറ മനസ്സിന് ഇപ്പോൾ വലിയ ആശ്വാസമായി.’

അവൾ പ്രേമലേഖനത്തെപ്പററി ഒരക്ഷരവും പറയാതെ കമ്പും മാസികയും എടുത്തു കോണിപ്പടിവഴി മുററത്തിറങ്ങി. അവളുടെ മുറിവാതിൽക്കൽച്ചെന്ന് കേശവൻനായരോടു വിളിച്ചു പറഞ്ഞു:

‘മററേ സംഗതി മറക്കരുത്.’

അയാൾ അനങ്ങിയില്ല. ചുരുട്ടിക്കൂട്ടി വെളിയിലേക്കെറിഞ്ഞ പ്രേമലേഖനത്തെ ഒന്നു നോക്കാൻ കേശവൻനായർ ധൈര്യപ്പെട്ടില്ല. അയാൾ ദേഷ്യം അടക്കി സുഗന്ധത്തിൽ  മുക്കിയ ക്രൂരമായ ചിരിയോടെ ഉറക്കെ പറഞ്ഞു:

‘ഹില്ല!’

## രണ്ട്

'ദാ, പെണ്ണേ നിനക്കായി എന്റെ ഹൃദയത്തിന്റെ സുന്ദരക്കുട്ടപ്പൻ താക്കോൽ!' എന്ന് ഉള്ളിൽ പറഞ്ഞുകൊണ്ടു പിറേറദിവസം കാലത്ത് കേശവൻനായർ മുറിയുടെ താക്കോൽ സാറാമ്മയുടെ മടിയിൽ ഇട്ടുംവെച്ചു ബാങ്കിലേക്കു പോയി.

വൈകുന്നേരം കേശവൻനായർ മടങ്ങിവന്നപ്പോൾ സാറാമ്മ താക്കോൽ തിരികെ കൊടുത്തു. അയാൾ തലേദിവസത്തെ മാസികയും വാങ്ങി മുകളിൽക്കയറി മുറി തുറന്നു കസാര വലിച്ചു വാതിൽക്കൽ ഇട്ടു മാസിക തുറന്നു നോക്കിക്കൊണ്ട് ഇരുന്നു. ഉണ്ടാവാൻ പോകുന്ന വിജയത്തിലുള്ള സന്തോഷം! യുദ്ധം ചെയ്യുന്നതിനു മുമ്പുതന്നെ ജയം! ബുദ്ധിയുള്ള ആൺശിങ്കങ്ങൾ ഇങ്ങനെയാണ്! സാറാമ്മയ്ക്കു കണ്ടുവെച്ചിരിക്കുന്ന ജോലിയുടെ രൂപം കാണുമ്പോൾ — അവൾ അയാളെ മാന്തിക്കീറും? കേശവൻനായർ ആലോചിച്ചു തന്നത്താൻ ചിരിച്ചു. ഓർത്തോർത്തു ചിരിച്ചു! അങ്ങനെ ഇരിക്കുമ്പോൾ സാറാമ്മ പതുക്കെപ്പതുക്കെ കയറിവന്നു. ജോലിയെപ്പററി അറിയാൻ സാറാമ്മയ്ക്ക് വളരെ ഉത്കണ്ഠ ഉണ്ടെന്ന് കേശവൻനായർക്ക് അറിയാമെങ്കിലും അയാൾ അതൊന്നും ഭാവിക്കാതെ പതിവുപോലെ ചോദിച്ചു:

'എന്തൊക്കെയാണ് സാറാമ്മേ വിശേഷങ്ങൾ?'

'ഓ, ഒന്നുമില്ല,' സാറാമ്മ പതിവുള്ള മന്ദഹാസം തൂവി: 'മുറിയിൽനിന്നു വല്ലതും കളവുപോയിട്ടുണ്ടോ?'

ഉണ്ടല്ലോ! എന്നെ മുഴുവനോടെയല്ലേ തങ്കക്കുടം കട്ടത്! കള്ളിപ്പെണ്ണേ! കേശവൻനായർ സാത്വികഭാവത്തിൽ പറഞ്ഞു:

'പരിശോധിച്ചില്ല!'

'എന്നാൽ, പരിശോധിക്കൂ.'

കേശവൻനായർ മിണ്ടിയില്ല. അയാൾ രസംപിടിച്ചു മാസിക വായിക്കുന്നതായി ഭാവിച്ചുകൊണ്ട് സാറാമ്മയോടു പറയാൻ പോകുന്ന ഹൃദയത്തിന്റെ സുന്ദര സുരഭിലരഹസ്യം ഉരുവിട്ടുകൊണ്ടിരുന്നു. അത് അയാളുടെ ഹൃദയമാകുന്ന വലിയ സെൻറുകുപ്പിക്കകത്തുനിന്നു 'ഭും!' എന്നു വെളിയിൽ ചാടാൻ പോകുന്നു: സുന്ദരസുരഭിലമായ ഹൃദയരഹസ്യം!

സാറാമ്മ ജന്നൽപ്പടിയിൽ ചാരിനിന്ന് കേശവൻനായരുടെ നടുവെ വകഞ്ഞ ചുരുളൻമുടിയുടെ മിനുമിനുപ്പിലും, മന്ദം ചലിച്ചുകൊണ്ടിരുന്ന അധരങ്ങളുടെ ചെമപ്പിലും, ഉയരുകയും താഴുകയും ചെയ്തുകൊണ്ടിരുന്ന

അത്തരം ഒരു ലേഡിയാണോ ബഹുമാന്യയായ സാറാമ്മ എന്നറിയാനാണ് ചോദിച്ചത്!'

'ഓ, ഞാൻ ബഹുമാന്യയൊന്നുമല്ല! എനിക്കു ഡുങ്കുഡു തഞ്ചിയുമില്ല!'

'എന്നാലും അതിലെന്തൊക്കെയാണ് സാറാമ്മേ, ആ ലേഡികൾ കൊണ്ടുനടക്കുന്നത്?'

'ഒരു നുണുങ്ങു കണ്ണാടി, ഒരു നുണുങ്ങു പൗഡർ ഡപ്പി, ഒരു നുണുങ്ങു ചീർപ്പ്.'

'അതിൽ പ്രേമലേഖനങ്ങൾ കാണുമോ?'

'പ്രേമലേഖനങ്ങളോ?'

'അതേ; അവർക്കു മണിക്കൂർതോറും കിട്ടുന്നത് അതിൽ സൂക്ഷിക്കുമായിരിക്കും. സന്ധ്യയോടെ അതു നിറയുമ്പോൾ വലിയ പെട്ടിയിലേക്കു പകർത്തും!'

'എനിക്കതൊന്നും അറിഞ്ഞുകൂടാ. പ്രേമലേഖനം ഞാനൊന്നും കണ്ടിട്ടുമില്ല. എനിക്കു കണ്ടുവെച്ചിരിക്കുന്ന ജോലി എന്താണ്?'

നുണച്ചിയേ! നുണച്ചിയുടെ ഗ്രേററ് ഗ്രാൻറ് മദറേ! കേശവൻനായർ പറഞ്ഞു:

'സാറാമ്മയ്ക്കതു.... ആ ജോലി രസിക്കുകയില്ല!'

'അയ്യോ, രസിക്കും! രസിക്കും!! രസിക്കും!!!'

'തീർച്ചയാണോ?'

'ആയിരം വട്ടം തീർച്ച!'

'എന്നാൽ —' കേശവൻനായർ മടിച്ചു. എങ്ങനെ പറയാനാണ്? 'സാറാമ്മയ്ക്ക് ഇഷ്ടമാകുകയില്ല!'

'അയ്യോ, ഞാൻ പറഞ്ഞില്ലേ, ഇഷ്ടമാകും!'

'പക്ഷേ!, ഈ തീരുമാനത്തിൽ ദുഃഖിക്കേണ്ടിവന്നാലോ?'

സാറാമ്മ തീർത്തു പറഞ്ഞു:

'ഇല്ല? എന്തു ദുഃഖവും എന്തു ത്യാഗവും ഞാൻ സഹിച്ചുകൊള്ളാം! അറിയാമോ ഒരു രഹസ്യം? കേശവൻനായർ ഇവിടെ താമസിക്കാൻ വരുന്നതിനു മുമ്പാണ്. കഴിഞ്ഞ കൊല്ലത്തിൽ ശറപറാന്ന് എനിക്കു മൂന്നു വിവാഹാലോചനകൾ വന്നു. മൂന്നു പ്രാവശ്യവും ഞാൻ സന്തോഷിച്ചു. കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത ആളുടെകൂടെയുള്ള ദാമ്പത്യജീവിതത്തിലെ സുഖം ഓർത്തല്ല; ഈ നരകത്തിൽനിന്നു രക്ഷ കിട്ടുമല്ലോയെന്നു കരുതി. എന്നാൽ, മൂന്നും തകർന്നു പോയി. സ്ത്രീധനം കൊടുക്കാതെ ഞങ്ങളുടെ സമുദായത്തിൽ നിന്ന് എന്നെ ആരും കെട്ടിക്കൊണ്ടുപോകുകയില്ല!...അത് എൻെറ കുററംകൊണ്ടാണെന്നാണ് ചിററമ്മയും അപ്പച്ചനും പറയുന്നത്! തൊട്ടതിനൊക്കെ എനിക്കാണു കുററം! ഈ നാട്ടിൽ മഴ പെയ്തില്ലെങ്കിൽ — അതിന് കുററം എനിക്കാണ്. ഇവിടെനിന്നും രക്ഷപ്പെട്ടുപോകുന്നതിനു വളരെ

സ്ഥലങ്ങളിൽ ഞാൻ ജോലിക്കന്വേഷിച്ചു. പക്ഷേ, എനിക്കുമാത്രം ഒരിടത്തും ഒഴിവില്ല!'

'ഒഴിവുണ്ട്!'

'എവിടെ?'

'പറയാം. ഈ സ്ത്രീധനം എന്നു പറയുന്നത് എന്താണ്?'

'പെണ്ണിനെ സൂക്ഷിക്കാൻ ആണിനു കൊടുക്കുന്ന കൈക്കൂലി.'

'മനസ്സിലായില്ല!'

'അതേ, ഇപ്പോൾ എന്നെ ഒരാൾ കെട്ടിക്കൊണ്ടു പോകുന്നു എന്നിരിക്കട്ടെ—'

'ശരി, ഞാൻ തന്നെ!'

'ഓ!...എന്നെ അങ്ങു കെട്ടിക്കൊണ്ടു പോയാൽപ്പിന്നെ —എൻെറ തീററിച്ചെലവിനും, ഉടുപ്പുകെട്ടിനും, തേയും കുളിക്കും പൗഡറിനും സ്പ്രേയ്ക്കും സെൻറുകുപ്പിക്കും പേറും പെറപ്പിനും എൻെറ ചാവടിയന്തിരത്തിനും പണം വേണ്ടേ? അതു ഞാൻ നേരത്തേ തന്നാലേ എന്നെ കെട്ടിക്കൊണ്ടു പോകൂ!'

'അത് സാറാമ്മയെ ആരും സ്നേഹിക്കാത്തതുകൊണ്ടായിരിക്കും! സാറാമ്മയിൽ വല്ലവരും പ്രേമം...?'

'ഓ, എന്നാലും സ്ത്രീധനം കൊടുക്കണം. പറഞ്ഞില്ലേ ഞങ്ങളുടെ ജാതിമര്യാദയാണ്!'

കേശവൻനായർക്കു സ്ത്രീധന ഏർപ്പാടിനോടു വളരെ സന്തോഷം തോന്നി. സ്റ്റൈറലൻ ഏർപ്പാട്!

'അങ്ങനെ ഒരു ഏർപ്പാട് ഇല്ലായിരുന്നെങ്കിൽ! — ഈശ്വരാ!'

സാറാമ്മ പറഞ്ഞു:

'സ്ത്രീധനയേർപ്പാടിനെ ഞാൻ കഠിനമായി വെറുക്കുന്നു!'

കേശവൻനായർ പറഞ്ഞു:

'സ്ത്രീധനയേർപ്പാടിനെ ഞാൻ സ്നേഹിക്കുന്നു!'

'എന്തിന്?'

'പറയാം; ഈ സ്ത്രീധനയേർപ്പാട് നമ്പൂതിരി സമുദായത്തിലുണ്ട്.'

സാറാമ്മ പറഞ്ഞു:

'മുസ്ലിം സമുദായത്തിലുമുണ്ട്.'

കേശവൻനായർ പറഞ്ഞു:

സ്ത്രീധനം കൊടുക്കാൻ വിഷമിക്കുന്നവർ, സ്ത്രീധനം കൂടാതെ വിവാഹം ചെയ്യാൻ തയ്യാറുള്ള ഇതര സമുദായക്കാരെ വിവാഹംചെയ്യണം!'

'കൊള്ളാമല്ലോ!...നല്ല പുതുമ!'

'അതെ, നായർ ക്രിസ്ത്യാനിയേയും, ക്രിസ്ത്യാനി നായരേയും മുസൽമാനേയും, മുസൽമാൻ നായരേയും നമ്പൂതിരിയേയും ഈഴവനേയും ക്രിസ്ത്യാനിയേയും —'

'ഇടയ്ക്കു ഞാൻ ഒന്നു ചോദിക്കട്ടെ?'

'ചോദിക്കൂ. ഒന്നല്ല, നൂറു ചോദ്യങ്ങൾ ചോദിക്കൂ. സന്തോഷത്തോടെ ദിസ് കേശവൻനായർ ഉത്തരം പറയും!'

'എന്നാലേ, എനിക്കു കണ്ടുവെച്ചിരിക്കുന്ന ജോലി എന്താണെന്നു പറയാമോ?'

'ഓ!...പക്ഷേ, സാറാമ്മ അതു നിരസിക്കും.'

ഞാൻ പറഞ്ഞില്ലേ — ഞാൻ ഒരിക്കലും, ഒരിക്കലും നിരസിക്കയില്ല!'

'എന്നാൽ, അത് —' കേശവൻനായർ തൻെറ സുന്ദരസുരഭിലരഹസ്യം ഹൃദയമാകുന്ന വലിയ സെൻറുകുപ്പിയുടെ അടപ്പ് ഠപ്പേന്ന് ഊരി ഹൃദയത്തിൻെറ പുറത്തേക്കു വിട്ടു: 'സാറാമ്മേ, ഞാൻ സാറാമ്മയെ ഗാഢമായി സ്നേഹിക്കുന്നതുപോലെ സാറാമ്മ എന്നെയും ഗാഢമായിത്തന്നെ സ്നേഹിക്കുക എന്നുള്ളതാണു ഞാൻ സാറാമ്മയ്ക്കു കണ്ടുവെച്ചിരിക്കുന്ന മഹത്തായ ജോലി!'

ജോലി കൊള്ളാമല്ലോ!

സാറാമ്മ അല്പം ഒന്നു ഞെട്ടി. ഒരു നിമിഷനേരത്തേക്കുമാത്രം. എന്തെന്നാൽ, പെട്ടെന്ന് അവളുടെ മുഖത്തു രക്തപ്രസാദം വന്നു. കണ്ണുകൾ അർദ്ധനിമീലിതങ്ങളായി. തന്നെയുമല്ല. മനോജ്ഞമായി മന്ദഹസിച്ചുകൊണ്ട് ശാന്തമോഹനയായി അവൾ നിന്നു; മായാമോഹിനി!

കേശവൻനായരുടെ ഹൃദയത്തിൻെറ അണക്കെട്ടു പൊട്ടിപ്പോയി. അയാൾ പറഞ്ഞു: 'ഞാൻ വളരെക്കാലമായി സാറാമ്മയെ സ്നേഹിക്കുന്നു. എന്നേക്കാൾ, എൻെറ ഹൃദയത്തേക്കാൾ, എൻെറ ജീവനേക്കാൾ, എൻെറ നാടിനേക്കാൾ, എൻെറ —'

അവൾ ചിരിച്ചു; കവിളുകളിൽ ഒരു പുതുനിറം വന്നു; കണ്ണുകൾ കുറച്ചുകൂടി പ്രകാശമാനമായി.

കേശവൻനായർ ചോദിച്ചു:

'സാറാമ്മേ, ജോലിയെപ്പററി എന്തു പറയുന്നു?'

സാറാമ്മ മന്ദഹാസത്തോടെ പതുക്കെ, വളരെ വളരെ പതുക്കെ പറഞ്ഞു:

'ജോലി തരക്കേടില്ല! ശമ്പളം എന്തു നിശ്ചയിച്ചു?'

'ശമ്പളം?' ഓ, വഴക്കിനാണല്ലേ ഭാവം? യുദ്ധം! തരക്കേടില്ല. വീരയോദ്ധാക്കളുടെ ചുടുനിണമാണ് എൻെറ സിരകളിലൂടെ ഒഴുകുന്നത്...യുദ്ധമെങ്കിൽ യുദ്ധം! പൊരുതുകതന്നെ...വിജയം അല്ലെങ്കിൽ മരണം! ഇൻക്വിലാബ്! — സിന്ദാബാദ്!.. സഗൗരവം കേശവൻനായർ ചോദിച്ചു:

'ശമ്പളം എന്തു വേണം?'

'തന്നെ നിശ്ചയിക്കൂ!'

ഗാഢമായ ചിന്തയുടെ ഫലമായി കേശവൻനായർ നിശ്ചയിച്ചു:

'ഇരുപതു രൂപ!'

സാറാമ്മ പറഞ്ഞു:

'ഇതു വളരെ കുറവ്!'

'പക്ഷേ, ഇതിൽ ഒരു ദമ്പടി കൂട്ടിത്തരാൻ നിവൃത്തിയില്ല. ചെറിയ ബാങ്ക്. ചെറിയ ശമ്പളം. മനസ്സിലായോ? ഞാൻ ഒമ്പതു മണിക്കൂർവീതം മുപ്പതു ദിവസം ജോലി ചെയ്താൽ കിട്ടുന്നതിൽ സാറാമ്മയുടെ അപ്പച്ചനു മുറിവാടകയ്ക്കും ഹോട്ടൽക്കാരനു സാപ്പാടിനും, ദോബിക്കു മുണ്ടല ക്കുന്നതിനും —എന്തിന് കണ്ടതിനും കടിയതിനുമൊക്കെയായി വളരെ അരിഷ്ടിച്ചാൽ, എന്നു പറഞ്ഞാൽ ഒരുമാതിരി പട്ടിണികിടന്നാൽ, ലാഭിക്കാൻ കഴിയുന്നതാണ് ഞാൻ സാറാമ്മയ്ക്കു തരാൻ ഉദ്ദേശിക്കുന്നത്. സാറാമ്മയുടെ ജോലിയിൽ വല്ല ക്ലേശവുമുണ്ടോ? ചുമ്മാ അങ്ങ് ഇരുന്നും കിടന്നും നടന്നു മൊക്കെ സ്നേഹിച്ചാൽ പോരേ? ആലോചിച്ചുനോക്കണം.'

സാറാമ്മ പറഞ്ഞു:

'ജോലി വളരെ കടുപ്പമുള്ളതാണ്! ഭവാന് ഇരുപത്തിനാലു മണിക്കൂറിൽ ഒമ്പതു മണിക്കൂർ മാത്രമേ ജോലിയുള്ളു. പതിനഞ്ചു മണിക്കൂറും തനി വിശ്രമമല്ലേ? എന്റെ ജോലിയോ! — ഒരു നിമിഷംപോലും വിശ്രമമുള്ളതല്ല. രാവും പകലും, ഊണിലും ഉറക്കത്തിലും —കേശവൻനായരെപ്പററി ഓർക്കണം —വേണ്ടേ?...കേശവൻനായർ കരയുമ്പോൾ ഞാനും കരയണം, ചിരിക്കുമ്പോൾ ഞാനും ചിരിക്കണം, ഉണ്ണുമ്പോൾ ഞാൻ ഉണ്ണാതിരിക്കണം. ഉറങ്ങുമ്പോൾ ഞാൻ ഉണർന്നിരുന്നു കേശവൻനായരെ സ്നേഹിക്കണം! വളരെ കയ്പുള്ള കഷായം കുടിച്ചതുപോലെ സാറാമ്മ കേശവൻനായരെ നോക്കി. എന്നിട്ടു ചോദിച്ചു:

'അപ്പോൾ എനിക്കു തന്നിരിക്കുന്ന ജോലി സ്ഥിരമോ, ടെമ്പററുവരിയോ?'

കേശവൻനായർ തീർത്തു പറഞ്ഞു:

'സ്ഥിരം! ശാശ്വതം! അനന്തം!'

സാറാമ്മയ്ക്കു പെരുത്തു സമാധാനമായി:

'ഓ, നല്ലത്! അപ്പോൾ ബഹുമാനപ്പെട്ട കേശവൻനായർ ഡിം ആയാലും എനിക്ക് ഈ ജോലിയുണ്ടല്ലേ?'

'അതായത്?'

'ഭവാൻ ചത്തുപോയാലും എനിക്ക് ഈ ജോലിയുണ്ടല്ലേ?'

'സംശയരഹിതമായും! ഞാൻ സുന്ദരമായി പരലോകം പൂകിയാലും എന്നെ സാറാമ്മ മധുരസുന്ദരമായിത്തന്നെ സ്നേഹിക്കണം!'

സാറാമ്മയ്ക്ക് ഒരു സംശയം:

'താങ്കൾ മരിച്ച് മണ്ണടിഞ്ഞാൽ പിന്നെ ശമ്പളം ആരു തരും?'

കേശവൻനായർ മിണ്ടിയില്ല. എന്തു പറയാനാണ്?

കേശവൻനായരുടെ നിശ്ശബ്ദത സാറാമ്മയെ ചിരിപ്പിച്ചു. അവൾ പരിഹാസത്തോടെ പറഞ്ഞു:

'തലയ്ക്കകത്തു നിലാവെളിച്ചമാണെങ്കിലും ഈ ജോലിക്ക് ഇങ്ങനെ

Anu’s Copy

ഒരു കുഴപ്പമുണ്ട്. അവിടുത്തെ മരണശേഷം എനിക്കു ശമ്പളം ആരാണു തരുന്നത്?'

എന്താണു പറയുക? കേശവൻനായർ കഠിനമായി ചിന്തിച്ചു. ഒടുവിൽ ഒരു പോംവഴി തോന്നി. അയാൾ മന്ദഹസിച്ചു.

'നമുക്കു മരണം ഒരുമിച്ചാക്കിക്കളഞ്ഞാലോ?'

'അഹോ, സ്വാർത്ഥതയുടെ നഗ്നപ്രകടനം! കേശവൻനായർ മരിക്കുമ്പോൾ ഞാനും മരിച്ചുകൊള്ളണമല്ലേ?'

'സാറാമ്മ എന്നെ പരിഹസിക്കയാണോ?'

'ഒരിക്കലുമല്ല. കാര്യം പറയുന്നതു പരിഹാസമാണോ? ഓ...സ്ത്രീയല്ലേ? തല പൊട്ടിത്തുറന്നാലും തലച്ചോർ എവിടെക്കാണാനാ? സ്ത്രീകളുടെ തലയ്ക്കകത്തു വെറും നിലാവെളിച്ചം മാത്രമാണല്ലോ ഉള്ളത്!'

'ക്ഷമിക്കണം സാറാമ്മേ. എനിക്ക് സാറാമ്മയോളം ബുദ്ധിയും അറിവും സൗന്ദര്യവുമൊന്നുമില്ല.'

'ദാ, ഇപ്പോൾ പഞ്ചപാവമായ എന്നെയാണു പരിഹസിക്കുന്നത്!'

'ഞാൻ എന്റെ സാറാമ്മയെ ഒരിക്കലും, ഒരിക്കലും പരിഹസിക്കുകയില്ല.'

'ഓ, പരിഹസിച്ചോളൂ.'

കേശവൻനായരുടെ ഏതോ ഒരു ഞരമ്പു പൊട്ടി: 'ഞാൻ എന്റെ പ്രാണനാഥയെ പരിഹസിക്കുമോ? ഞാൻ എന്റെ ജീവിതേശ്വരിയെ പരിഹസിക്കുമോ? ഞാൻ എന്റെ ഹൃദയത്തെ പരിഹസിക്കുമോ? ഞാൻ എന്റെ ആത്മാവിനെ പരിഹസിക്കുമോ? ഞാൻ എന്റെ ദേവിയെ പരിഹസിക്കുമോ? ഞാൻ എന്റെ —'

സാറാമ്മ ഇടയ്ക്കു പറഞ്ഞു:

'ഒരു ശകലം നിർത്തണേ, ഒന്നു ചോദിക്കാനുണ്ട്!'

'ചോദിക്കാം, ആജ്ഞാപിക്കാം.'

'ഞാൻ പ്രാണനാഥയാണോ?'

'അതെ.'

'എന്നുമുതൽ?'

'പണ്ടുമുതൽ?'

'എന്തുംമാത്രം പണ്ട്?'

'കുറെ അധികമധികം പണ്ടുമുതൽ!'

'പിന്നെ ഈ വിശേഷം ഇത്ര നാളായിട്ടും പറയാതിരുന്നതെന്ത്?'

'ഞാൻ പറഞ്ഞില്ലേ — ദിവസവും ഓർക്കും; ദിവസവും ഞാൻ സാറാമ്മയ്ക്കു പ്രേമലേഖനം എഴുതും.'

'എന്നിട്ട്?'

'കീറിക്കളയും!'

'അങ്ങനെയാണല്ലേ?'

'അതെ.'

'ചുരുക്കത്തിൽ ഇപ്പോൾ ഞാൻ അങ്ങയുടെ പ്രാണനാഥയാണ്!'

'അതെ!'

'അങ്ങനെയാണെങ്കിൽ— ഞാൻ എന്തു പറഞ്ഞാലും കേൾക്കും, അല്ലേ?'

കേശവൻനായർ ആവേശഭരിതനായി: 'എന്തു പറഞ്ഞാലും കേൾക്കും. വല്ലവരേയും കൊല്ലണമോ, കൊല്ലാം. സമുദ്രങ്ങൾ നീന്തിക്കടക്കണമോ, കടക്കാം. പർവതങ്ങൾ എടുത്ത് അമ്മാനമാടാം. സാറാമ്മയ്ക്കുവേണ്ടി മരിക്കാനും ഞാൻ തയ്യാറാണ്!'

അവൾ പറഞ്ഞു:

'തൽക്കാലം മരിച്ചു കാണിക്കണമെന്നില്ല —ഇപ്പോൾ ഒന്നു തലകുത്തി നിൽക്കൂ — കാണട്ടെ!'

'സത്യമായിട്ടും തലകുത്തി നിൽക്കണോ?'

'ഓ! 'സത്യമായിട്ടും' എന്ന് ഇടയ്ക്ക് ഒരു വാക്കുണ്ടല്ലേ?'

'ഇല്ല!' കേശവൻനായർ സന്തോഷത്തോടെ എണീററു.

'ശീർഷാസനം മാത്രം മതിയോ? മയൂരാസനം കാണിക്കാം!'

'തൽക്കാലം ശീർഷാസനം മതി.'

'റൈററ്! ദാ പിടിച്ചോ!'

അയാൾ ഷർട്ട് ഊരി കസാലയിൽ വെച്ചു. അതിനുശേഷം മുണ്ടു മടക്കിക്കുത്തി, താറുപാച്ചി, തിണ്ണയിൽ തലയും കുത്തി, കാലു മുകളിലാക്കി വടിപോലെ നിന്നു!

അവൾ പാദാദികേശം ആനന്ദത്തോടെ നോക്കി. എന്നിട്ട് അഭിപ്രായപ്പെട്ടു:

'ഭേഷ്! സ്റൈറലാഗ്രം!'

കേശവൻനായർ നിന്നപടി ചോദിച്ചു:

'സാറാമ്മ എന്നെ സ്നേഹിക്കുന്നുണ്ടോ?'

സാറാമ്മ മിണ്ടിയില്ല.

കേശവൻനായർ വീണ്ടും ചോദിച്ചു:

'സാറാമ്മ മധുരസുന്ദരമായ പ്രേമജോലി സ്വീകരിച്ചുവോ?'

സാറാമ്മ ഒച്ചയുണ്ടാക്കാതെ സൂത്രത്തിൽ കോവണിപ്പടി ഇറങ്ങി, താഴത്തു ചെന്നു വിളിച്ചുപറഞ്ഞു:

'മധുരസുന്ദരമായി നാളെ പറയാം!'

കേശവൻനായർ മിണ്ടിയില്ല. ക്രൂരഹൃദയം! പെണ്ണിന്റെ ഡബിൾ ഡബിൾ ഡബിൾ ക്രൂരഹൃദയം!!

സാറാമ്മ വീണ്ടും ഉപദേശിച്ചു:

'വേറൊരു വഴിയുണ്ട്. ആരും അറിയുകയുമില്ല. ഒരു ചെറുവഞ്ചിയിൽ ഒരു വലിയ കരിങ്കൽകഷണവും ഒരു കയറുമായി സന്ധ്യയ്ക്കു പാത്തു പതുങ്ങി തുഴഞ്ഞു നടുക്കായലിൽ പോകണം. എന്നിട്ടു കയറിന്റെ ഒരു തുമ്പു കല്ലിന്മേൽ കെട്ടണം; മറേറ തുമ്പിൽ ഒരു സുന്ദരൻ കുരുക്കുണ്ടാക്കി കഴുത്തിലും. എന്നിട്ടു സുന്ദരമായി ഞാൻ ചത്തേ എന്നുള്ള അലർച്ചയോടെ വഞ്ചി സൂത്രത്തിൽ ചവുട്ടി മുക്കണം.'

പെണ്ണിന്റെ ആയിരം ഡബിൾ ക്രൂരഹൃദയം!

കേശവൻനായർ പറഞ്ഞു:

'ഞാൻ വേറൊരു വഴി കണ്ടുപിടിച്ചു. ഇവിടെ കെട്ടിത്തൂങ്ങിച്ചാകും! ചത്തു തൂങ്ങിക്കിടക്കുമ്പോൾ കാലിൽ വലിയ ഒരു കടലാസ് എഴുതി തൂക്കിയിട്ടിരിക്കും: 'ലോകമേ എന്റെ മരണവും ക്രൂരഹൃദയയായ സാറാമ്മ യുമായി യാതൊരു ബന്ധവുമില്ല! സാറാമ്മയെ ഞാൻ സ്നേഹിക്കുന്നു ണ്ടെന്നുള്ളതും, സാറാമ്മ എന്നെ സ്നേഹിക്കുന്നില്ലെന്നുള്ളതും ശരിയാണ്! ഞാൻ കൊടുത്ത മധുരസുന്ദരമായ പ്രേമലേഖനം കഠിനതയോടെ ചുരുട്ടി ക്കൂട്ടി അവൾ എറിഞ്ഞതും ശരിയാണ്. എന്നാലും എന്റെ മരണവും കഠിന ഹൃദയയായ സാറാമ്മയുമായി ലോകമേ, യാതൊരു ബന്ധവുമില്ല—എന്ന്, സാറാമ്മയ്ക്കു വേണ്ടി ചത്ത കേശവൻനായർ എന്ന പാവത്താൻ ഒപ്പ്!'

'വേറെ വിശേഷമൊന്നുമില്ലല്ലോ?'

'ഇല്ല! തീരെ ഇല്ല!'

സാറാമ്മ പറഞ്ഞു:

'പ്രേമലേഖനം ഞാൻ എടുത്തുകൊണ്ടുപോയി ഉമിക്കരി പൊതിഞ്ഞു!'

'എന്റെ ഹൃദയരക്തത്തിൽ എഴുതിയ പ്രേമലേഖനത്തിലോ?'

'അതേ!'

സ്ത്രീഹൃദയത്തിന്റെ തനി വജ്ര വജ്ര കാഠിന്യം! കേശവൻനായർ ഒന്നും മിണ്ടിയില്ല. എന്തു മിണ്ടാനാണ്?

ലക്കും തിട്ടവുമില്ലാതെ കുറെ അധികം ദിവസങ്ങൾ അങ്ങനെ കടന്നു പോയി. അയാൾ ആരോടും ഒന്നും സംസാരിക്കാതെയും, ആരെയും ഒന്നും നോക്കാതെയും —മുഖവും വീർപ്പിച്ച് അങ്ങനെ നടക്കും.

സ്ത്രീകളെ അയാൾക്കു കണ്ടുകൂടാ!

'ബ്ലഡിഫൂൾസ്! കഠിന കഠിനഹൃദയകൾ!'

സാറാമ്മയും ഒരു ബ്ലഡീ ബ്ലഡീഫൂളാണ്! കഠിന കഠിനഹൃദയയാണ്! കേശവൻനായരും ഒരു ബ്ലഡീഫൂളാണ്. കഠിന കഠിനഹൃദയനല്ല! ലോക ത്തിലെ സ്ത്രീപുരുഷന്മാർ ഓരോരുത്തരും ഓരോ ബ്ലഡീഫൂളാണ്! അങ്ങനെ കേശവൻനായരുടെ അഭിപ്രായം ഉറച്ചുവരവെ — ഒരു സായാഹ്നത്തിൽ

സാറാമ്മ മുററത്തിറങ്ങിവന്ന് കേശവൻനായരുടെ മുമ്പിൽനിന്ന് എന്തോ പ്രതീക്ഷിച്ചിട്ടെന്നതുപോലെ വളരെ വിനയത്തോടെ കൈ നീട്ടി. കേശവൻ നായർക്ക് ഒന്നും മനസ്സിലായില്ല.

സാറാമ്മ വണക്കത്തോടെ ചോദിച്ചു:

'എൻെറ ശമ്പളം?'

'ശമ്പളം? എന്തിൻെറ ശമ്പളം?' കേശവൻനായരുടെ തലയ്ക്കുള്ളിൽ ഒന്നും കടന്നുചെന്നില്ല. അയാളുടെ നില കണ്ട് സാറാമ്മ പറഞ്ഞു; പറഞ്ഞതു വാഗ്ദാനത്തിനു ലംഘനംവരുത്തി അവളെ വളരെ അപമാനിച്ച മട്ടിലും:

'ഓ, ഒടുവിൽ ഇങ്ങനെയുമായല്ലേ! എല്ലാം ഞാൻ അനുഭവിക്കേണ്ടവളാ. എൻെറ തലയ്ക്കുള്ളിൽ നിലാവെളിച്ചമാണെന്നു പ്രപഞ്ചം പറയുന്നതു വെറുതെയാണോ? പത്തു മുപ്പതു ദിവസമായിട്ടു ഞാൻ മധുരസുന്ദരമായി താങ്കളെ പ്രേമിക്കുക എന്ന ആ കഠിനജോലിയും സ്വീകരിച്ചു നടക്കുന്നു....!'

'ഓ!' കേശവൻനായരുടെ മുഖം തെളിഞ്ഞു, കണ്ണുകൾ പ്രകാശിച്ചു. സന്തോഷത്താൽ അയാളുടെ ഹൃദയം ഫുട്ബോൾപോലെ വീർത്തു വാരിയെല്ലുകളെ തഴുകി.

'തങ്കം, പിന്നെ ഇതുവരെ ആ മധുര മനോഹര ന്യൂസ് എന്നോട് പറയാതിരുന്നതെന്ത്?'

പരിഭവവും വേദനയും കലർന്ന മട്ടിൽ സാറാമ്മ പറഞ്ഞു:

'ജീവിതം യൗവനതീക്ഷ്ണവും ഹൃദയം പ്രേമസുരഭിലവുമായിരിക്കുന്ന ഈ അസുലഭകാലഘട്ടത്തിൽ — ആത്മഹത്യ എന്നും പറഞ്ഞു മുഖവും വീർപ്പിച്ച്, കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത മാതിരി ചുമ്മാ അങ്ങു നടന്നാൽ ഞാൻ എന്തു ചെയ്യും?'

'വേറെ കാര്യമായ വിശേഷമൊന്നുമില്ലല്ലോ?'

സാറാമ്മ പറഞ്ഞു:

'ഇല്ല! തീരെ ഇല്ല!'

കേശവൻനായർ ആജ്ഞാപിച്ചു:

'വരൂ!'

അയാൾ നടന്നു. പിറകെ സാറാമ്മയും. അവർ മുകളിൽ കയറി. കേശവൻനായർ അകത്തു കടന്ന്, പെട്ടി തുറന്നു പതുപ്പത്തിൻെറ രണ്ടു നോട്ടുകൾ തുടിക്കുന്ന ഹൃദയത്തോടെ എടുത്ത് ഒരു കവറിലാക്കി, 'ശ്രീമതി സാറാമ്മ അവർകൾക്ക്' എന്ന വിലാസവും എഴുതി സാറാമ്മയുടെ കൈയിൽ വച്ചുകൊടുത്തു.

സാറാമ്മ ചോദിച്ചു:

'പ്രേമലേഖനമാണോ?'

കേശവൻനായർ ഒന്നും പറഞ്ഞില്ല. പ്രേമലേഖനം! ഒന്നു വെരളട്ടെ അവൾ.

പക്ഷേ, സാറാമ്മ വെരണ്ട മട്ടൊന്നും കാണിച്ചില്ല.

അവൾ കവറിൽനിന്നു നോട്ടുകൾ എടുത്തു വലിയ ഒരു കച്ചവടക്കാരിയെപ്പോലെ വെളിച്ചത്തു പിടിച്ചു ഗൗരവത്തോടെ പരിശോധിച്ചു:

'കള്ളനോട്ടൊന്നുമല്ലല്ലോ?'

കേശവൻനായർ മിണ്ടിയില്ല.

'ശരി,' അവൾ താക്കീതു നൽകി: 'മേലാൽ ഇങ്ങനെ താമസിപ്പിക്കരുത്. കൃത്യം ഒന്നാംതീയതി എൻെറ ശമ്പളം ഇവിടെ കിട്ടിയിരിക്കണം!'

കേശവൻനായർക്ക് സാറാമ്മയെ കെട്ടിപ്പിടിച്ചു തെരുതെരെ ഒരു ലക്ഷത്തിഒമ്പത് ഉമ്മവെക്കാൻ തോന്നി. അയാൾ ചുംബിക്കാനായി അടുത്തു.

സാറാമ്മ പറഞ്ഞു:

'ഒരു നാലടി അകന്നു നിന്നാൽ മതി!'

'എനിക്ക് ഒന്നു ചുംബിക്കണം!'

'എന്നെയോ?'

'ഹതേ!'

'അതു കൊള്ളാം! ഈ ചുംബനക്കാര്യം നമ്മുടെ കരാറിലില്ലല്ലോ?'

കേശവൻനായർ ഒന്നും പറഞ്ഞില്ല. ഹമ്പ! ഒരു കരാറ്!

അത്തരത്തിൽ അഞ്ചു മാസം പോയി. നൂറു രൂപാ സാറാമ്മയിലേക്കു കൈമാറി. അത് അവൾ എന്തു ചെയ്യുന്നുവെന്ന് അയാൾ തെരക്കിയില്ല. എങ്കിലും മൂന്നാമത്തെ മാസത്തിൽ സാറാമ്മ അറിയിച്ചു: അവൾക്ക് ആയിരം രൂപയുടെ ഒരു ഷോഡതി കിട്ടി! കേശവൻനായർ അവൾക്കു കൊടുത്ത ശമ്പളം വകയിലെ ഒരു രൂപയുടെ ഭാഗ്യം! അതിലൊന്നും കേശവൻനായർ അത്ര ശ്രദ്ധ പതിപ്പിച്ചില്ല. ധനസംബന്ധമായ മുഷിപ്പൻ കാര്യങ്ങളിൽ എങ്ങനെ ശ്രദ്ധ പതിപ്പിക്കാൻ കഴിയും? പ്രേമത്തിൻെറ നിലാവെളിച്ചത്തിലാണയാൾ. വ്യക്തമായി ഒന്നും ഗ്രഹിക്കുക സാദ്ധ്യമല്ല. പ്രേമഭാജനം പറയുന്നതു വിശ്വസിക്കുക. ഒന്നും തന്നില്ലെങ്കിലുംസാരമില്ല. ആജ്ഞാനുസരണം പ്രവർത്തിക്കുക. അവൾ ചൂണ്ടിയ വഴിയേ നടക്കുക — അതിൽ കൂടുതലായി അയാളെക്കൊണ്ടൊന്നും സാധിക്കുകയില്ല. അങ്ങനെ സാറാമ്മയുടെ അഭിപ്രായം അനുസരിച്ച് കേശവൻനായർ വിദേശങ്ങളിൽ പല സ്ഥലങ്ങളിലും ജോലിക്ക് അപേക്ഷകൾ അയച്ചു, എന്തിന്? സാറാമ്മ പറഞ്ഞതുകൊണ്ട്....എന്നാൽ, സാറാമ്മ പറയാത്തതും കേശവൻനായർ പ്രവർത്തിച്ചുകൊണ്ടിരുന്നു. സാറാമ്മയ്ക്കു സുഖക്കേടായി കിടന്നപ്പോൾ ഡോക്ടറെ വിളിച്ചുകൊണ്ടുവന്നു കാണിക്കുക; പണം കൊടുത്തു മരുന്നു വാങ്ങിച്ചു കൊണ്ടുവന്ന് സാറാമ്മയ്ക്കു കൊടുക്കുക; കുടിപ്പിക്കുക, ചിററമ്മയും സാറാമ്മയുമായി രഞ്ജിപ്പുണ്ടാക്കാൻ ശ്രമിക്കുക. സാറാമ്മയുടെ അപ്പച്ചനോടു പിതാക്കന്മാരുടെ കടമകളെപ്പററി ചെറുപ്രസംഗങ്ങൾ നടത്തുക — അങ്ങന പലതും. പക്ഷേ, ഒന്നിനും അവൾ നന്ദി പറയുകയോ കൃതജ്ഞത ഭാവിക്കുകയോ ചെയ്തില്ല. എങ്കിലും കേശവൻനായർ അതൊക്കെ സഹിച്ചു. അസഹനീയമായിത്തീർന്നത്, 'ജീവിതം യൗവനതീക്ഷ്ണവും ഹൃദയം പ്രേമസുരഭിലവു

മായിരിക്കുന്ന ഈ അസുലഭകാലഘട്ടത്തിൽ—' എന്നുള്ള അവളുടെ വർത്തമാനങ്ങളുടെ സുന്ദരക്കുട്ടപ്പൻ തുടക്കമാണ്! അതു കേൾക്കുമ്പോൾ കേശവൻനായർ വിളറും. സാറാമ്മ എന്തെങ്കിലും പറയാൻ ഭാവിക്കുമ്പോൾ അതിൽകൂടിയാണോ തുടക്കം എന്ന് അയാൾ ശ്രദ്ധിക്കും. ഇല്ലെങ്കിൽ ആശ്വാസ സൂചകമായി നെടുവീർപ്പിടുകയുംചെയ്യും. ഇങ്ങനെയൊക്കെ ആണെങ്കിൽ ത്തന്നെയും പ്രേമത്തിനു വല്ല മാന്ദ്യവുമുണ്ടോ? ദിവസം കഴിയുന്തോറും അത് ഉശിരനായി തീക്ഷ്ണമായി മധുരസുന്ദരമായി വന്നു. എപ്പോഴും സാറാമ്മയെ കണ്ടുകൊണ്ടിരിക്കണം! അവളെ ആലിംഗനംചെയ്യണം; അവളെ ചുംബിക്കണം. അയാളുടെ ആഗ്രഹങ്ങൾക്ക് ഒരതിരുമില്ല. പുരുഷനല്ലേ?

സാറാമ്മയോ? അവൾ കേശവൻനായരെ സ്നേഹിക്കുന്നുണ്ടെന്നുള്ള തിനു യാതൊരു ലക്ഷ്യവും കാണിച്ചിട്ടില്ല. വാക്കിലോ പ്രവൃത്തിയിലോ — ഒന്നിലും അവൾ പിടികൊടുക്കുന്നുമില്ല. സ്ത്രീയല്ലേ?

ആ ഘട്ടത്തിലാണ്, വേർപാടിന്റെ സമയം വന്നുചേർന്നത്. വിദേശത്ത് ഒരു കമ്പനിയിൽ കേശവൻനായർക്കു ജോലി കിട്ടി. നല്ല ഉയർന്ന ശമ്പളം. കേശവൻനായർ സാറാമ്മയുടെ അഭിപ്രായപ്രകാരം ജോലി സ്വീകരിച്ചു മറുപടി അയച്ചു.

സാറാമ്മ പറഞ്ഞു:

'അങ്ങനെ എനിക്കും നല്ല ഉയർന്ന ശമ്പളം കിട്ടാൻ പോകുന്നു!'

അത്രേയുള്ളൂ. വേറൊന്നും അവൾക്കു പറയുവാനില്ല. എന്നാലും സാറാമ്മ ഓർമ്മപ്പെടുത്തി:

'ഒന്നാം തീയതിതോറും മണിയോർഡർ അയച്ചേക്കണം. മേൽവിലാസം അറിയാമല്ലോ?'

കേശവൻനായർ ഒന്നും പറഞ്ഞില്ല. ഹൃദയകാഠിന്യമുള്ള പെണ്ണിനോ ടെന്തു പറയാൻ?

സാറാമ്മ ചോദിച്ചു:

'എന്നാണു പോകുന്നത്?'

കേശവൻനായർ പറഞ്ഞു:

'പത്തു ദിവസത്തിനുള്ളിൽ അവിടെച്ചെന്നു ചാർജ് എടുക്കണമല്ലോ, അതുകൊണ്ട് മററന്നാൾ പോകാനാണ് ഉദ്ദേശിക്കുന്നത്. അതനുസരിച്ചു ബാങ്കിലെ ജോലിയും രാജിവെച്ചു.'

'അപ്പോൾ ഇവിടെ നിന്നു പൊയ്ക്കളയാമെന്നുതന്നെ തീർച്ചപ്പെടുത്തി, ഇല്ലേ?'

'എന്തൊരു ചോദ്യമാണിത്?'

'ഞാൻ ഇപ്പോഴും അങ്ങയുടെ പ്രേമഭാജനമാണോ?'

'പിന്നല്ലാതെ?'

'എനിക്കുവേണ്ടി മരണം വരിക്കാൻ സന്നദ്ധനാണോ?'

'അതേ.'

‘സത്യമായിട്ടും?’

‘സത്യമായിട്ടും!’

സാറാമ്മ പറഞ്ഞു:

‘ഇപ്പോൾ മരിച്ചുകാണിക്കണമെന്നില്ല. ഞാൻ പറഞ്ഞാൽ ജോലിക്കു പോകാതിരിക്കുമോ?’

ജോലിക്കു പോകാതിരിക്കയോ? അങ്ങനെയായാൽ ആകെപ്പാടെ വിഷമിക്കും. വാടക കൊടുക്കാൻ നിവൃത്തിയില്ലാതെവരും. ഉണ്ണാനും ഉടുക്കാനും ആകെ വിഷമിക്കും. വഴിയാധാരമായി തെരുവീഥിയിൽ അലയേണ്ടിവരും! കേശവൻനായർ താടിക്കു കൈയും കൊടുത്തു നിലത്തു നോക്കിക്കൊണ്ടിരുന്നു. എന്തു ചെയ്യും?

സാറാമ്മ എണീററു കോവണിപ്പടിയുടെ അടുത്തേക്കു നടന്നു. കേശവൻനായർ വ്യസനത്തോടെ വിളിച്ചു:

‘സാറാമ്മേ, ഒന്നു പറയാനുണ്ട്.’

അവൾ തിരിച്ചുവന്നു.

‘പ്രേമത്തെപ്പററി സുന്ദരമായതും പുതുതു വല്ലതും പറയാനാണെങ്കിൽ, ഞാനതു കേട്ടുകേട്ടു മടുത്തു! ചപ്ലാച്ചി സാധനമാണു പ്രേമം!!’

കേശവൻനായർ മിണ്ടിയില്ല. പരിശുദ്ധ പ്രേമം — ചപ്ലാച്ചി സാധനം!

അവൾ പറഞ്ഞു:

‘പറയൂ. ഞാൻ ശമ്പളം വാങ്ങുന്നതല്ലേ —കേൾക്കാതെ ഒക്കുമോ?’

‘സാറാമ്മയ്ക്ക് എപ്പോഴും വിനോദമാണ്!’

‘ഇതാണോ പറയാൻ ഭാവിച്ചത്?’

‘അല്ല.’

‘പിന്നെ?’

‘സാറാമ്മയും എൻെറകൂടെ വരണം. എനിക്കവിടെപ്പോയി ഒററയ്ക്കു താമസിക്കാൻ വയ്യ!’

സാറാമ്മയ്ക്കു ചിരിവന്നു. അവൾ ചോദിച്ചു:

‘ഭയമാന്നോ?’

‘അല്ല, ഞാൻ സാറാമ്മയെ സ്നേഹി —’

‘സാറാമ്മയെ സ്നേഹി! ഇതു ലക്ഷത്തി ഒമ്പതു തവണ പറഞ്ഞിട്ടുള്ളതല്ലേ?’

സാറാമ്മ ചോദിച്ചു: ‘സ്നേഹം എന്നു പറയുന്നത് എന്താണ്?’

അതു പറയുവാൻ വിഷമമില്ല? സ്നേഹം എന്താണെന്ന് കേശവൻനായർക്കു നന്നായി അറിയാം. പക്ഷേ, പറയാൻ അയാൾക്കു ശകലം ലജ്ജയുണ്ട്:

‘സ്നേഹവും പ്രേമവും —എന്നൊക്കെ പറയുന്നത്, ഒരു മാതിരി നിലാവെളിച്ചംപോലെയാണ്....മധുരസുന്ദരസുരഭിലമായ നിലാവെളിച്ചമാകുന്നു പ്രേമം!’

'മധുരസുന്ദരസുരഭിലമായ നിലാവെളിച്ചം!' സാറാമ്മ അത്ഭുതപ്പെട്ടു: 'അതാണല്ലോ, സ്ത്രീകളുടെ തലയ്ക്കുള്ളിൽ ഉണ്ടെന്നു പറയുന്നത്?'

'മധുരസുന്ദരസുരഭിലമായതല്ല. സ്ത്രീകളുടെ തലയ്ക്കകത്തുള്ളത് വെറും സാധാരണ ഒഴുക്കൻ നിലാവെളിച്ചം!'

'സന്തോഷം!'

കുറേക്കഴിഞ്ഞ് കേശവൻനായർ ചോദിച്ചു:

'സാറാമ്മ വരുമോ?'

'വന്നിട്ട്?'

'എന്റെ ഭാര്യയായി ആചന്ദ്രതാരം ജീവിക്കണം.'

'നാം രണ്ടു മതക്കാരല്ലേ?'

'അതിനെന്ത്? നമുക്കു 'രജിസ്ററർ വിവാഹം' ചെയ്യാമല്ലോ?'

'സ്ത്രീധനം ഒന്നും വേണ്ടേ?'

'സാറാമ്മ മുഴുവനായിത്തന്നെ സ്ത്രീധനമായി അനുഗ്രഹിച്ച് എനിക്കു തന്നാൽ മതി. സാറാമ്മതന്നെ എന്റെ കുപ്പമാടത്തിലെ കെടാവിളക്ക്. സാറാമ്മതന്നെ എന്റെ —'

'നിർത്തണേ! വേറെയുമുണ്ട് സംശയം!'

'എന്താണ്? കേൾക്കട്ടെ.'

ഒരു കുസൃതിച്ചിരിയോടെ സാറാമ്മ പറഞ്ഞു:

'നമ്മൾ ശ്രീജിത് കേശവൻനായരും ശ്രീമതി സാറാമ്മയും ഭാര്യാഭർത്താക്കന്മാരായി ജീവിക്കുമ്പോൾ വലിയ കുഴപ്പങ്ങൾ ഞാൻ കാണുന്നുണ്ട്. ഒരാൾ ക്ഷേത്രത്തിൽ പോകുമ്പോൾ മറ്റേയാൾ പോകുന്നത് ചർച്ചിലാണ്. രണ്ടു സമൂഹം! എപ്പോഴും നമ്മുടെ ഇടയിൽ ചർച്ചും അമ്പലവും!'

'ന്യായമായ ചിന്ത!' കേശവൻനായർ പറഞ്ഞു. 'ഇതുപോലെ പലതും കാണും. നമ്മുടെ രണ്ടു പേരുടെയും ജീവിതംതന്നെ എടുക്ക്. ഞാൻ വളരെ കഷ്ടത അനുഭവിച്ചിട്ടുണ്ട്; സാറാമ്മയും. ഇത്രനാളായിട്ട് സാറാമ്മ എന്തുമാത്രം കഷ്ടപ്പാടുകളാണ് സഹിച്ചിട്ടുള്ളത്! ചിറ്റമ്മയും അപ്പച്ചനും സ്നേഹത്തോടെയാണോ ഇതുവരെ പെരുമാറിയത്! ചിറ്റമ്മയുടെ ദ്രോഹബുദ്ധി! സമൂഹം, ചർച്ച്. ഓർത്തുനോക്ക്: പ്രായമായ രണ്ടു സ്വതന്ത്ര ജീവികൾ. ലേശം വിദ്യാഭ്യാസവും ലേശം ബുദ്ധിയുമുണ്ട്. സമൂഹം നമ്മെ തീറ്റിപ്പോറ്റുകയില്ല. ക്ഷേത്രവും ചർച്ചും — നിൽക്കുന്നേടത്തുതന്നെ നിൽക്കട്ടെ. നമ്മുടെ ഹൃദയങ്ങളുടെ ഇടയിൽ മതിലുകൾ ഉണ്ടാവരുത്. ക്ഷമ, സഹാനുഭൂതി, കാരുണ്യം ഇവ മറക്കരുത്, തിരിഞ്ഞോ?'

'തിരിഞ്ഞു,' സാറാമ്മ ആലോചനയോടെ പറഞ്ഞു: 'സംശയങ്ങൾ വേറെയുമുണ്ടെങ്കിലോ?'

'ഉണ്ടെങ്കിൽ ദിസ് കേശവൻനായർ തീർത്തു തരും. പറയൂ, കേൾക്കട്ടെ.'

'പറയാൻ നാണം തോന്നുന്നു.'

'നാണിച്ചുതന്നെ സുന്ദരമായി പറയൂ.'

സാറാമ്മ ചോദിച്ചു:

'നമുക്കു കുഞ്ഞുങ്ങളുണ്ടാവില്ലേ? — അവർ എന്തു ജാതിയായിരിക്കും? ഹിന്ദുക്കളായിട്ടു വളർത്താൻ എനിക്ക് ഇഷ്ടമില്ല. ക്രിസ്ത്യാനിയായിട്ടു വളർത്താൻ എൻെറ —എൻെറ ഭർത്താവിനും ഇഷ്ടം കാണുകയില്ല! അങ്ങനെ വരുമ്പോൾ അവരുടെ ജാതി?'

കേശവൻനായർ വിയർത്തുപോയി. അയാൾ അതിനെപ്പററി ഒന്നും ചിന്തിച്ചിട്ടില്ല. പരമാർത്ഥമല്ലേ — കുഞ്ഞുങ്ങൾ എന്തു ജാതിയായിരിക്കും? കേശവൻനായർ ചിന്തിച്ചു. ഗാഢമായി ചിന്തിച്ചു. തലപുകഞ്ഞു. ചെന്നികളിലെ ഞരമ്പുകൾ വീർത്തുപൊന്തി. നെററി ഭയങ്കരമായി വിയർത്തു. പരിഹാരം കാണുന്നില്ല. ചിന്ത ഇരുളിൽ തപ്പിത്തടഞ്ഞു നടക്കുകയാണ്. വെളിച്ചം കാണുന്നില്ല. അങ്ങനെയിരിക്കെ, മിന്നൽപോലെ ഒരു തോന്നൽ. വെളിച്ചത്തിൻെറ ഒരു വാതിൽ തുറന്നു. മനോഹരമായ ഒരുദ്യാനം കണ്ടതുപോലെ അയാൾ സാവേശം പ്രസ്താവിച്ചു:

'കണ്ടിരിക്കുന്നു!'

'എന്ത്?'

'പറയാം,' കേശവൻനായർ പറഞ്ഞു: 'നമുക്കു നമ്മളുടെ കുഞ്ഞുങ്ങളെ ഒരു മതത്തിലും വളർത്തണ്ട! അവരങ്ങനെ നിർമതരായി വളരട്ടെ!'

'മൃഗങ്ങളെപ്പോലെ? പക്ഷികളെപ്പോലെ? പാമ്പുകളെപ്പോലെ? ചീങ്കണ്ണികളെപ്പോലെ?'

'അല്ല!'

'പിന്നെ?'

'പണിയുണ്ട്; പ്രായമായി വരുമ്പോൾ അവരെ പഠിപ്പിക്കുക. എല്ലാ മതങ്ങളെപ്പററിയും— പക്ഷപാതരാഹിത്യത്തോടുകൂടി. അങ്ങനെ പത്തിരുപതു വയസ്സാകുമ്പോൾ, എല്ലാ മതങ്ങളിലുംവെച്ച് അവർക്കു ഹൃദ്യമായതു സ്വീകരിക്കട്ടെ!'

സാറാമ്മ കേശവൻനായരുടെ മുഖത്തു നോക്കാതെ സന്തോഷത്തോടെ പറഞ്ഞു:

'ന്യായം....പേരോ? എൻെറ ആദ്യത്തെ കുഞ്ഞ് ആണാണെന്നിരിക്കട്ടെ ആ തങ്കക്കുട്ടന് എന്തു പേരിടും?'

കേശവൻനായർ വിഷമിച്ചു:

'വാസ്തവമാണ്. ആ തങ്കക്കുട്ടന് എന്തു പേരിടും?' ഹിന്ദുവിൻെറ പേരിടുക വയ്യ. ക്രിസ്ത്യാനിയുടേയും അതുപോലെതന്നെ.'

തെല്ല് ആലോചിച്ചപ്പോൾ കേശവൻനായർ വീണ്ടും ആവേശഭരിതനായി.

'നമുക്കുണ്ടല്ലോ,' അയാൾ പറഞ്ഞു: 'മററ് ഏതെങ്കിലും സമുദായത്തിലെ ജഗജില്ലൻ പേരിടാം.'

'അപ്പോൾ ആ സമുദായക്കാരനാണ് എൻെറ തങ്കക്കുട്ടനെന്ന് ആളുകൾ വിചാരിക്കയില്ലേ?'

'റൈറ്റ്!' കേശവൻനായർക്ക് ബോദ്ധ്യംവന്നു. 'മുസൽമാന്റെ പേരിട്ടാൽ ആളുകൾ വിചാരിക്കും, മുസൽമാനാണെന്ന്. ഫാർസിയുടേതും, അതു പോലെതന്നെ... ചൈനാക്കാരന്റേതും, റഷ്യാക്കാരന്റേതും—എന്നുവേണ്ട, കുഴപ്പമാണ്.'

എന്തു പേരിടും? ആരുംഉപയോഗിച്ചിട്ടില്ലാത്ത പേരു വേണം. പേരിന്റെ പിന്നിൽ വിശ്വാസത്തെയോ, മതത്തെയോ കുറിക്കുന്ന ഒന്നും ഉണ്ടാവരുത്.... അങ്ങനത്തേത് എന്തുണ്ട്? കേശവൻനായർ ആലോചിച്ചുകൊണ്ടിരുന്നു.

അപ്പോൾ സാറാമ്മ ചോദിച്ചു:

'ഈ ചൈനാപ്പേരെങ്ങനെ ഇരിക്കും?'

കേശവൻനായർ ഒരു സാമ്പിൾ ചൈനാപ്പേരു പറഞ്ഞു:

'ഡങ് ഡിങ്കോഹോ?'

'ഡങ് ഡിങ്കോഹോ.' സാറാമ്മ അവളുടെ പ്രഥമ സന്താനമായി വരാൻപോകുന്ന തങ്കക്കുട്ടന്റെ പേരു വിളിച്ചുനോക്കി:

'എടാ മോനേ, ഡങ് ഡിങ്കോഹോ! നീ എവിടെയാണെടാ? —ഡങ് ഡിങ്കോഹോ!'

'സ്റ്റൈലുണ്ടോ?'

സാറാമ്മയ്ക്കു പിടിച്ചില്ല.

'എന്റെ മകന് ആ പേരു വേണ്ട!'

'എന്നാൽ, പിന്നെ റഷ്യനുണ്ട്. സ്കി എന്നു ചേർത്താൽ മതി.'

സാറാമ്മ ചോദിച്ചു:

'എന്തു സ്കി?'

'എന്തെങ്കിലും! —'

'ചപ്ലോസ്കി, ചപ്ലോസ്കി....വേണ്ട!'

'എന്നാൽ, കിട്ടിയിരിക്കുന്നു — സ്റ്റൈലൻ പേരുകൾ!' കേശവൻ നായരുടെ ഭാവന പൊട്ടിത്തുറന്നുപോയി. അയാൾ ഓരോന്നായി പറഞ്ഞു:

'ഇൻഡ്യ, പ്രേമലേഖനം, ചെറുകഥ, കൊടുങ്കാറ്റ്, സഹാറാ, ആകാശം, നിലാവെളിച്ചം, കരിമീൻ, സിമ്പോളിസം, അടയ്ക്കാമരം, മിഠായി, നാടകം, സമുദ്രം, ചെമ്മീൻകണ്ണൻ, വെള്ളിയാഴ്ച, കുൾട്ടാപ്പൻ, ഗദ്യകവിത, മാണിക്യക്കല്ല്, തീനാളം, മിസ്റ്റിസിസം, നക്ഷത്രം —'

'നിർത്തണേ! ഞാൻ വിളിച്ചു നോക്കട്ടെ: എടാ! മോനേ, ചെമ്മീൻകണ്ണോ! അമ്മച്ചിയുടെ ചെമ്മീൻകണ്ണോ....വേണ്ട!'

അവൾ വീണ്ടും വിളിച്ചുനോക്കി:

'എടാ മോനേ ഗദ്യകവിതേ! എടാ മോനേ ചെറുകഥേ! എടാ മോനേ നിലാവെളിച്ചമേ!'

അയാൾ പറഞ്ഞു:

'നമുക്ക് ഓരോന്നും എഴുതി നറുക്കിട്ടു രണ്ടെണ്ണം എടുക്കാം. വഴക്കു വേണ്ട. പോരെങ്കിൽ, ഡബിൾപേരാണ് സ്റ്റൈൽ!'

അത് സാറാമ്മയും സമ്മതിച്ചു.

അവർ ചെറിയ കടലാസുതുണ്ടുകളിൽ പേരുകൾ എഴുതി ചുരുട്ടി, കൂട്ടിക്കുഴച്ച്, ഒന്ന് സാറാമ്മയും വേറൊന്ന് കേശവൻനായരും എടുത്തു. കേശവൻനായർ കടലാസുകഷണം വിതിർത്തു നോക്കി പ്രഖ്യാപനംചെയ്തു:

'മിഠായി!'

സാറാമ്മയും വിതിർത്തു നോക്കി പതുക്കെ പറഞ്ഞു:

'ആകാശം!'

രണ്ടുപേരും മുഖത്തോടു മുഖം നോക്കി.

സാറാമ്മ ധീരതയോടെ മകൻെറ പേരു വിളിച്ചു:

'മിഠായി ആകാശം! എടാ മോനേ, മിഠായി ആകാശം!....എടാ മോനേ, മിഠായി ആകാശം!....'

'തെററ്!' കേശവൻനായർ ശരിയായതു പറഞ്ഞു. തൻെറ തങ്കക്കുട്ടനായ മകൻെറ പേരു ഗാംഭീര്യത്തോടെ വിളിച്ചു:

'ആകാശമിഠായി!'

സാറാമ്മയ്ക്കും അതു നന്നേ ബോധിച്ചു. അവൾ വാത്സല്യത്തോടെ തങ്കക്കുട്ടൻെറ പേര് നീട്ടിവിളിച്ചു:

'ആകാശമിഠായി....എടാ മോനേ, ആകാശമിഠായീ...നീ എവിടെയാടാ ആകാശമിഠായിയേ!'

'ഗംഭീരനായിരിക്കുന്നു!' കേശവൻനായർ വിധി പറഞ്ഞു: 'മിസ്ററർ ആകാശമിഠായി! ശ്രീജിത് ആകാശമിഠായി!...സഖാവ് ആകാശമിഠായി!'

അപ്പോൾ സാറാമ്മയ്ക്ക് ഒരു ഭയങ്കര സംശയം:

'എൻെറ തങ്കക്കുട്ടൻ കമ്മ്യൂണിസ്ററാണോ?'

കേശവൻനായർ ചിരിച്ചു:

'ഹെഡാ, ആവണേ ആവട്ടെ! ഏതു ഡുങ്കാസിലും ചേരട്ടെ! അവൻെറ ഇഷ്ടം, അല്ലാതെന്താ?'

'എന്നാൽ, എൻെറ മകൻെറ ഇഷ്ടംപോലെ ആയിക്കോട്ടെ. എൻെറ മകന് ഏതു പാർട്ടിയിലും ചേരാം!'

എൻെറ മകൻ? സാറാമ്മയുടെ മകൻ? കേശവൻനായർക്കു ദേഷ്യംവന്നു. സ്വാർത്ഥത! അയാൾ ഓർമ്മിപ്പിച്ചു:

'സാറാമ്മ ഇതുവരെ പറഞ്ഞതിൽ എല്ലാത്തിലും, 'എൻെറ മകൻ, എൻെറ മകൻ, എൻെറ മകൻ' എന്നാണു സാറാമ്മ പറഞ്ഞത്. മനസ്സിലായോ? ഇത്രയ്ക്കു സ്വാർത്ഥത കൊള്ളുകില്ല. ആരെങ്കിലും കേട്ടാൽ വിചാരിക്കും എനിക്ക് ആകാശമിഠായിയുടെമേൽ, യാതൊരവകാശവുമില്ലെന്ന്! മേലിൽ 'നമ്മുടെ മകൻ' എന്നു പറയണം —മനസ്സിലായോടീ?'

സാറാമ്മയ്ക്കും ദേഷ്യംവന്നു. 'എടീ!' എന്ന്!

'ഓർപ്പിച്ചതു നന്നായി.' സാറാമ്മ ആ കഷായം കുടിച്ച ഭാവം കാണിച്ചു: 'ഓ, ഞാൻ വെറുതെ അതേപ്പററിയൊക്കെ ഒന്നു ചോദിച്ചെന്നേയുള്ളു!

അതുകൊണ്ടു ഞാനങ്ങു ഭാര്യയായി എന്നൊന്നും വിചാരിക്കേണ്ട! — മനസ്സിലായോ മിസ്ററർ കേശവൻനായർ?’

കേശവൻനായരുടെ മുഖം വാടി. അയാൾ താഴ്മയോടെ ചോദിച്ചു:

‘അപ്പോൾ സാറാമ്മ നേരത്തേ പറഞ്ഞതോ?’

‘എന്തു പറഞ്ഞു?’

‘എൻെറ ഭാര്യയാകാമെന്ന്?’

‘ആയിട്ട്?’

‘ഓ, സാറാമ്മയ്ക്ക് എപ്പോഴും വിനോദം!’

‘ആ — വിനോദം — അതു ജീവിതത്തിൻെറ എന്താണെന്നറിയാമോ?’

‘എനിക്കറിയേണ്ട.’

‘തരക്കേടില്ല! ഞാൻ പറയുന്നതൊന്നും കേൾക്കാൻ ഭാവമില്ല. ഞാൻ ‘എടി’യാണ്; പ്രാണനാഥയാണ്! ഇഷ്ടദാസിയാണ്!’

‘പറയൂ സാറാമ്മേ, എന്താണ്?’

‘എന്ത്?’

‘വിനോദം ജീവിതത്തിൻെറ? —’

‘ആഃ അങ്ങനെ മന്ദഹസിക്കുക.’ അവൾ എണീററു കോവണിപ്പടി ഇറങ്ങിക്കൊണ്ടു പറഞ്ഞു:

‘സൗരഭ്യം!’

വിനോദം ജീവിതത്തിൻെറ സൗരഭ്യമാകുന്നു! കൊള്ളാമല്ലോ! വിനോദം ജീവിതത്തിൻെറ സൗരഭ്യമാകുന്നു!

Anu's Copy

## നാല്

'സാറാമ്മേ, വെളുപ്പിന് ഈ സ്ഥലം വിടണം.' നേരം ഇരുട്ടിത്തുടങ്ങിയപ്പോൾ കേശവൻനായർ പറഞ്ഞു: 'സാറാമ്മയ്ക്ക് അവസാനമായി വല്ലതും പറയാനുണ്ടോ?'

സാറാമ്മ പറഞ്ഞു:

'ജീവിതം യൗവനതീക്ഷ്ണവും ഹൃദയം പ്രേമസുരഭിലവുമായിരിക്കുന്ന ഈ അസുലഭ കാലഘട്ടത്തിൽ —ചില്ലറയായി ചില ചോദ്യങ്ങൾ!'

കേശവൻനായർ ആകെ തണുത്തു.

സാറാമ്മ തുടർന്നു:

'ചോദ്യം ഒന്ന് — അപ്പച്ചനു കൊടുക്കാനുള്ള വാടകയെല്ലാം കൊടുത്തു തീർത്തോ?'

'തീർത്തു.'

'ശരി. രണ്ടാമത്തെ ചോദ്യം —ഹോട്ടൽക്കാരൻെറ കടങ്ങൾ?'

'തീർത്തു.'

'മൂന്നാമത്തെ ചോദ്യം — വഴിച്ചെലവിന് പണം ഉണ്ടോ?'

'ഉണ്ട്!'

'എങ്കിൽ ഒരു ഉപചോദ്യംകൂടി — പണം എവിടെ നിന്നുണ്ടായി?'

'എൻെറ റിസ്റ്റ്‌വാച്ചും സ്വർണ്ണമോതിരവും വിററ്.'

'നല്ലത്, അങ്ങനെ ബഹുമാനപ്പെട്ട കേശവൻനായർ ഈ രാജ്യം വിട്ടുകഴിഞ്ഞാൽപ്പിന്നെ അദ്ദേഹത്തെ ആരും ഒരു കാരണവശാലും സ്മരിക്കാൻ ഇടയില്ലാത്ത സ്ഥിതിക്ക് ഞാൻ അദ്ദേഹത്തിന് എല്ലാവിധ മംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു!' എന്നു പറഞ്ഞ് സാറാമ്മ കിലുകിലാ ചിരിച്ചുകൊണ്ട് ഇറങ്ങിപ്പോയി.

ഹൃദയം നൊന്ത് കേശവൻനായർ വിളിച്ചു:

'സാറാമ്മേ!'

ആരു കേൾക്കാൻ? കാഠിന്യത്തിൻെറ പര്യായമാകുന്നു സ്ത്രീ! തനി ഡുക്കുഡു! ഡുക്കുഡു ആകുന്നു സ്ത്രീ!!!

## അഞ്ച്

കേശവൻനായർ ജീവച്ഛവമായി അങ്ങനെ ഇരുന്നു. രാത്രി വന്നു. നിലാവ് ഉദിച്ചുപൊങ്ങി. എന്തിന്?....കേശവൻനായർ അങ്ങനെ ഇരുന്നു. ഒടുവിൽ അയാൾ എണ്ണീററു വിളക്കു കൊളുത്തി. ടൈംപീസിൽ സമയം പതിനൊന്നുമണിയായിരിക്കുന്നു!

അയാൾ അലാറം നാലു മണിക്കു തിരിച്ചുവെച്ച് വാതിലും അടച്ച്, കട്ടിലിൽ ചെന്നു തളർന്നുകിടന്നു. ഒടുവിലത്തെ രാത്രി!....വിശപ്പില്ല, ദാഹമില്ല. കേശവൻനായർ കണ്ണും തുറന്നുകിടന്നു. ഒന്നിനെപ്പററിയും ചിന്തിക്കുന്നില്ല. എങ്കിലും കണ്ണുകൾ നിറഞ്ഞ് ഒഴുകിക്കൊണ്ടിരുന്നു. ക്രൂരക്രൂരമൃഗമാകുന്നു സ്ത്രീ! പുരുഷൻ എത്രയോ നല്ലവൻ! സ്ത്രീകളെ ഈശ്വരൻ എന്തിനാണാവോ സൃഷ്ടിച്ചത്? നല്ല ഉദ്ദേശ്യത്തോടുകൂടി ഒന്നും ആയിരിക്കുകയില്ല! അയാൾക്കു വിങ്ങിപ്പൊട്ടി കരയണമെന്നു തോന്നി.

അപ്പോൾ വെളിയിൽ ഒരു ശബ്ദം....മൃദുലവും സംഗീതമയവും:

‘ഉറങ്ങിപ്പോയോ?’

അവൾ! കശ്മല! ക്രൂര! കഠിനത!

കേശവൻനായർ അനങ്ങിയില്ല.

വീണ്ടും അതേ ശബ്ദം:

‘തുറക്കൂ, ഞാനാണ്.’

കേശവൻനായർ എണ്ണീററു വാതിൽ തുറന്നു.

സാറാമ്മ മുറിയിലേക്കു കയറി. കേശവൻനായർ വാതിൽക്കൽത്തന്നെ നിന്നു.

സാറാമ്മ പതുക്കെ വിളിച്ചു:

‘ഇങ്ങു വന്നേ; ഒന്നു പറയട്ടെ.’

കേശവൻനായർ തിരിച്ചുചെന്ന് കട്ടിലിൽ ഇരുന്നു. സാറാമ്മ വാതിലിനടുത്തു ചെന്ന്, വെളിയിലേക്കു നോക്കി കുറേ സമയം നിന്നു. വിശേഷശബ്ദങ്ങളൊന്നുമില്ല. അവൾ വാതിലടച്ചശേഷം ചെന്നു കസാര കട്ടിലിലേക്ക് അടുപ്പിച്ചിട്ട്, കൈമുട്ടുകൾ കട്ടിലിന്മേൽ ഊന്നി മുഖം കൈവെള്ളകളിൽ താങ്ങി, അഴിഞ്ഞുലഞ്ഞ മുടിയോടെ ഇരുന്നപ്പോൾ, അവളുടെ മുലകൾ കട്ടിലിൽ ചുംബിച്ചുകൊണ്ടിരുന്നു.

കേശവൻനായർക്ക് ആ മുലകളിൽ ഉമ്മവെക്കാൻ ആഗ്രഹമുണ്ടായി. കഴുത്തിലും ചുണ്ടുകളിലും കണ്ണുകളിലും... എങ്കിലും ഹൃദയം കഠിനമാക്കാൻ

യാണേ, ഞാൻ ഇതു വണ്ടിയിൽ കയറിയിട്ടേ തുറന്നുനോക്കൂ!’

സാറാമ്മ എണീററ് വാതിൽ തുറന്നു.

‘വെളുപ്പിനു പോകുമ്പോൾ എന്നെ വിളിക്കണം. ഇപ്പോൾ സമാധാനത്തോടെ ഉറങ്ങൂ!’

അവൾ പോയി. കേശവൻനായർ തനിച്ച്... അവളുടെ ഗന്ധം!

## ആറ്

ടൈംപീസ് അലാറമടിച്ചു.

കേശവൻനായർ ഞെട്ടി ഉണർന്നു. മണി കൃത്യം നാലായിരിക്കുന്നു! അയാൾ എണീററ് കാലും മുഖവും കഴുകി വന്ന് യാത്രയ്ക്കുള്ള വട്ടം കൂട്ടി. ഡ്രസ്സുചെയ്ത് കിടക്ക കെട്ടിവെച്ച് സാമാനങ്ങളൊക്കെ പെട്ടിയിലാക്കി. അതിനു ശേഷം താഴത്തിറങ്ങി, റോഡിൽച്ചെന്ന് ഒരു വണ്ടിക്കാരനെ വിളിച്ചുകൊണ്ടുവന്നു സാമാനങ്ങളൊക്കെയും വണ്ടിയിൽ കയററി; തിരിച്ചു ചെന്ന്, സാറാമ്മയുടെ ജനലിലൂടെ ടോർച്ച് ലൈററ് അടിച്ച് 'സാറാമ്മേ! സാറാമ്മേ!' എന്നു പതുക്കെ മന്ത്രിച്ചു. പക്ഷേ, അനക്കമില്ല....അയാൾ വാതിൽ ഒന്നു തള്ളി. അതു തുറന്നുപോയി.

അയാൾ ലൈററടിച്ചു നോക്കിയപ്പോൾ ഉള്ളിൽ ആരുമില്ല.... സാറാമ്മയുമില്ല, സാറാമ്മയുടെ പെട്ടിയുമില്ല....എന്തൊരു കഥ? അവൾ എവിടെപ്പോയിരിക്കാം? വെളിച്ചം മേശപ്പുറത്തു കിടന്ന കവറിൽ വീണു. കേശവൻനായർ പതറുന്ന ഹൃദയത്തോടെ അതെടുത്തു തുറന്ന് വായിച്ചു:

'പ്രിയപ്പെട്ട അപ്പച്ചനും ബഹുമാനപ്പെട്ട ചിററമ്മയും കൂടി വായിച്ചറിവാൻ, സാറാമ്മ എഴുതുന്നതെന്തെന്നാൽ:

ജീവിതം യൗവനതീക്ഷ്ണവും ഹൃദയം പ്രേമസുരഭിലവുമായിരിക്കുന്ന ഈ അസുലഭകാലഘട്ടത്തിൽ —എനിക്ക് മാസംതോറും വളരെ വലിയ ശമ്പളം കിട്ടുന്ന ഒരു ജോലി കിട്ടിയിരിക്കുന്നതിനാൽ, ജോലിസ്ഥലത്തേക്കു ഞാൻ പോകുന്നു. സ്ത്രീധനംകൂടാതെ ഈ മുഷിഞ്ഞ ഉടുതുണിയോടെ എന്നെ വിവാഹംചെയ്യാൻ തയ്യാറുള്ള ഒരു ആണിനേയും എനിക്കു കിട്ടിയിട്ടുണ്ട്. അദ്ദേഹത്തെ ഞാനും, അദ്ദേഹം എന്നെയും സ്നേഹിക്കുന്നതുകൊണ്ട്, നിങ്ങൾ ഗാഢമായി ചിന്തിച്ച് മധുരോദാരമായ ഒരു മംഗളാശംസയാൽ ഞങ്ങളെ അനുഗ്രഹിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട്,

അപ്പച്ചൻെറയും ചിററമ്മയുടെയും
സാറാമ്മ.'

കേശവൻനായർ എഴുത്തു മേശപ്പുറത്തുതന്നെ വെച്ച് വാതിൽ ചാരി വെളിയിലിറങ്ങി, വണ്ടിയിൽ കയറി ശീഘ്രത്തിൽ റെയിൽവേസ്റേറഷനിൽ എത്തിയപ്പോൾ നില്ക്കുന്നു, സാറാമ്മ മന്ദഹാസത്തോടെ മാദകത്തിടമ്പായി.

അവൾ ചോദിച്ചു:

'ഞാൻ പോന്നിട്ടുണ്ടെന്ന് എങ്ങനെ അറിഞ്ഞു?'

'ദിവ്യജ്ഞാനം! ആണിൻെറ സുന്ദരൻ ബുദ്ധി!'

'എനിക്കുവേണ്ടി കാപ്പി കുടിക്കാൻപോലും....എനിക്കുവേണ്ടി ഒരു നുണുങ്ങു ത്യാഗം ചെയ്യാൻപോലും?'

കേശവൻനായർ ഒന്നും മിണ്ടിയില്ല. അയാൾ ലോകത്തിലുണ്ടായതും ഉള്ളതും ഉണ്ടാവാൻ പോകുന്നതുമായ എല്ലാ പെണ്ണുങ്ങളെപ്പററിയും ഓർത്തു: ഫൂൾട്ടുഷുകൾ!

'എനിക്കുവേണ്ടി ഒരു നുണുങ്ങു ത്യാഗംപോലും ചെയ്യാൻ....' സാറാമ്മ തുടർന്നു: 'എന്നിട്ടിപ്പോൾ എന്നെ ഇടിച്ചു പള്ള ഞെരിക്കാൻ പോകുന്നു!'

'ത്യാഗമയീ, എടീ ആകാശമിഠായിയുടെ തള്ളേ!'

'എന്തോ!'

'ഇന്നു നമ്മൾ രജിസ്ററർ വിവാഹംചെയ്യു പരസ്യമായി ഫഷ്ക്ലാസ് ഭാര്യയും ഭർത്താവുമായിത്തീരും. സമ്മതമാണോ?'

സാറാമ്മ മിണ്ടിയില്ല.

കേശവൻനായർ സാറാമ്മയുടെ തുടയിൽ വളരെ പതുക്കെ — ഭയങ്കരമായി ഒന്നു നുള്ളിയിട്ടു വീണ്ടും ചോദിച്ചു:

'എടീ, സമ്മതമാന്നോ?'

'അതേന്നു പറഞ്ഞില്ലേ? മൗനം സമ്മതം!'

'നിനക്കു മൂന്നു കാര്യത്തിൽ പരിപൂർണ്ണസ്വാതന്ത്ര്യമുണ്ടായിരിക്കും.'

'വെറും ചിണുങ്ങാണ്ടി മൂന്നു കാര്യത്തിലോ?'

'അതെ.'

'ആഹാരം, വസ്ത്രം, വിശ്വാസം.'

'അപ്പോൾ നമ്മുടെ വീട്ടിൽ രണ്ടടുക്കള ഉണ്ടായിരിക്കുമോ?'

'ഒരൊററ നുണുങ്ങ് അടുക്കള!'

'രണ്ടുതരം ആഹാരം ഞാൻ പാകംചെയ്യണം?'

'ഒരൊററത്തരം!'

'ആരുടെ ഇഷ്ടമനുസരിച്ച്?'

'എൻെറ അടുക്കളക്കാരിയുടെ.'

അവൾ മന്ദഹസിച്ചു.

'അതു ന്യായം! ഞാൻ കാലത്തെ കാപ്പിയേ ഉണ്ടാക്കൂ!'

'ഓ....അതു കഴിഞ്ഞു ഞാൻ വെളിയിൽ പോയി ചായ കുടിക്കും!'

'ഞാൻ സമ്മതിക്കുകയില്ല! കിട്ടുന്ന ശമ്പളം മുഴുവനും മുഴുവനും എന്നെ, എന്നെ ഏല്പിക്കണം!'

'പ്രിയപ്പെട്ട എടീ, ഞാൻ ചായ എങ്ങനെ കുടിക്കും?'

'ത്യജിക്കൂ; ഞാൻ എന്തെല്ലാം ത്യാഗം ചെയ്യവളാണ്!'

'ഞാൻ സാറാമ്മയ്ക്കുവേണ്ടി തല കുത്തി നിന്നതോ?'

'ഓ, അതു വലിയ ത്യാഗമാണോ? പ്രേമത്തിനുവേണ്ടി മഹാസാമ്രാജ്യങ്ങളുപേക്ഷിച്ചവരില്ലേ? ചീങ്കണ്ണിയുമായി യുദ്ധംചെയ്യവരില്ലേ?'

'പ്രിയപ്പെട്ട മായാമോഹിനീ? എടീ മധുരസുരഭിലസുന്ദരനിലാവെളിച്ചമേ!

നിസ്സാരം. ഞാൻ വേണമെങ്കിൽ ചാരുകസേരയിൽ ഇരുന്നുകൊണ്ടു പത്തു മഹാസാമ്രാജ്യങ്ങളുപേക്ഷിക്കാം. ആയിരം ചീങ്കണ്ണികളുമായി യുദ്ധംചെയ്യാം. പക്ഷേ, പ്രേമഭാജനത്തിനുവേണ്ടി ഒരു പ്രാവശ്യമെങ്കിലും തലകുത്തി നിൽക്കുക! ഇങ്ങനെ ആർ ചെയ്തിട്ടുണ്ടെടീ? ഇതിനെ വെല്ലുന്ന ഒരു മഹാത്യാഗം പ്രപഞ്ചചരിത്രത്തിൽ കാണുമോ? കേശവൻനായർ സാറാമ്മയുടെ മുമ്പിൽ തല കുത്തി നിന്നു! ഇതിനേക്കാൾ ഉശിരാഗ്രൻ ത്യാഗമേതു പെണ്ണേ?'

'അകാശമിഠായിയുടെ അച്ഛോ!'

'എന്താടീ പെണ്ണേ?'

'പറയാം.'

അവൾ കുനിഞ്ഞ് കേശവൻനായരുടെ രണ്ടു പാദങ്ങളിലും ചുംബിച്ചു. കേശവൻനായർ അവളെ എണീപ്പിച്ച് ആലിംഗനംചെയ്തു. ഓടുന്ന തീവണ്ടി. ആര് കാണാൻ?

അവൾ കേശവൻനായരുടെ കോട്ടിൻെറ പോക്കററിൽ കൈയിട്ടു.

അയാൾ ചോദിച്ചു:

'മധുരസുരഭിലമായ സുന്ദരനിലാവെളിച്ചം, എന്താണു തെരക്കുന്നത്?'

'ഞാൻ തന്നിരുന്ന കവർ!'

'പ്രേമലേഖനം? അയ്യോ. ഞാനതു വായിച്ചില്ല!'

കേശവൻനായർ കവർ എടുത്തു പൊട്ടിച്ചു കടലാസുകൾ എടുത്ത് അത്ഭുതസ്തബ്ധനായി നോക്കിക്കൊണ്ടിരുന്നു. നോട്ടുകൾ!... നോട്ടുകൾ!... നോട്ടുകളുടെ കശ!

അയാൾ എണ്ണി. ആയിരത്തിത്തൊണ്ണൂററിയൊമ്പതു രൂപായുടെ നോട്ടുകൾ!

'ഇതിൽനിന്നേ, ഒരു വാച്ചും മോതിരവും വാങ്ങിച്ചോ —കേട്ടോ?'

കേശവൻനായർക്കു പണം കണ്ടപ്പോൾ സന്തോഷം തോന്നിയെങ്കിലും പ്രേമലേഖനം വായിക്കാനാണ് ഉത്കണ്ഠ. അയാൾ ചോദിച്ചു:

'മറേറതെവിടെ?'

'മറേറത്?'

'പ്രേമലേഖനം?'

'ഓ, വായിക്കാൻ തിടുക്കമാണോ?'

'ചുമ്മാ നോക്കാനാടീ തങ്കപ്പളുങ്കേ!'

'എങ്കിൽ നോക്കിക്കോളൂ!' അവൾ തെളിഞ്ഞ മന്ദസ്മിതത്തോടെ കേശവൻനായരെ നോക്കി: 'കണ്ടേ? ഞാനാകുന്നു പ്രേമലേഖനം! യുവതിയാകുന്നു, യുവാവാകുന്നു —പ്രേമലേഖനം!'

കേശവൻനായർക്കു നന്നേ പിടിച്ചു.

'നീയും ഞാനും!....'

'സ്റൈറൽ! മററവൻ എവിടെ, കാണിക്കൂ!'

അവൾ ബോഡീസിൻെറ അകത്തുനിന്ന് അനേകകാലത്തെ വിയർപ്പിൽ

Anu's Copy

കുളിച്ച പുരാതീനമായ ഒരു കടലാസ് എടുത്ത് കേശവൻനായർക്കു കൊടുത്തു. അയാൾ അതു വിതിർത്തു വെളിച്ചത്തു പിടിച്ചു. മുമ്പെങ്ങോ കണ്ടിട്ടുള്ള അത്യനർഘമായ എഴുത്ത്! അയാൾ അതു വായിക്കാൻ തുടങ്ങിയപ്പോൾ അവൾ അയാളുടെ കഴുത്തിൽ കൈയിട്ടു ചുംബിച്ചുകൊണ്ടു നിന്നു. എന്നിട്ടു പറഞ്ഞു:

'ജീവിതം യൗവനതീക്ഷ്ണവും ഹൃദയം പ്രേമസുരഭിലവുമായിരിക്കുന്ന ഈ അസുലഭകാലഘട്ടത്തിൽ — പറഞ്ഞില്ലേ, നമ്മൾതന്നെയാണു പ്രേമലേഖനം!'

'എടീ പെങ്കൊച്ചേ, തിരിഞ്ഞു! ബോദ്ധ്യമായി. ലേശം ചെവി കേൾക്കട്ടെ!'

'കേൾപ്പിക്കില്ല!' അവൾ അയാളെ മുറുകെ ആലിംഗനംചെയ്തു. അയാളുടെ കഴുത്തിലും മററും ചുംബിച്ചുകൊണ്ടിരുന്നു. തീവണ്ടി അത്യാഹ്ലാദകരമായ ഉഗ്രൻ, ഉഗ്രൻ ചൂളംവിളിയോടെ പായുകയാണ്. സാറാമ്മ അവളുടെ ബോഡീസിൽനിന്നെടുത്തുകൊടുത്ത കടലാസ് പണിപ്പെട്ട് കേശവൻനായർ വായിച്ചു:

'പ്രിയപ്പെട്ട സാറാമ്മേ,

ജീവിതം യൗവനതീക്ഷ്ണവും, ഹൃദയം പ്രേമസുരഭിലവുമായിരിക്കുന്ന ഈ അസുലഭകാലഘട്ടത്തെ എന്റെ പ്രിയസുഹൃത്ത് എങ്ങനെ വിനിയോഗിക്കുന്നു?

ഞാനാണെങ്കിൽ —എന്റെ ജീവിതത്തിലെ നിമിഷങ്ങൾ ഓരോന്നും സാറാമ്മയോടുള്ള പ്രേമത്തിൽ കഴിക്കുകയാണ്. സാറാമ്മയോ?

ഗാഢമായി ചിന്തിച്ച് മധുരോദാരമായ ഒരു മറുപടിയാൽ എന്നെ അനുഗ്രഹിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട്,

സാറാമ്മയുടെ
കേശവൻനായർ....'

മംഗളം!

ശുഭം.